VOL. XI ISSUE 08 AUGUST - 2020 BELTHANGADY

*Congratulations*



## അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിന്

ബെൽത്തംഗഡി രൂപതാംഗങ്ങളുടെ
തിരുനാളാശംസകൾ

മെത്രാഭിഷേകം ഓഗസ്റ്റ് 4
നാമഹേതുകതിരുനാൾ ഓഗസ്റ്റ് 10
ജന്മദിനം ഓഗസ്റ്റ് 31

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin


**Vol. X1 Issue. 08 August- 2020 Page- 52**

**Annual Subscription: Rs. 140-00 Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**

**Bishop's House, Udayanagar, P.B. No.13**

**Belthangady - 574 214, D.K., Karnataka, India.**

**Printed at Shree Raghavendra Printers, Ujire-574 240**



**Website: www.belthangadydiocese.com**

**Email : udayadeepabel@gmail.com**

**Tel.: 08256-232439, 233975**

# Feast of St. John Maria Vianney

## August 4th



"There is nothing so great as the Eucharist. If God had something more precious, He would have given it to us."
St. John Maria Vianney

# CONTENTS


| | | |
|---|---|---|
| 1. | Circular No. 11/2020 | 6 |
| 2. | Circular No. 10/2020 | 8 |
| 3. | Circular No. 9/2020 | 12 |
| 4. | Circular KCBC Ref : 3332/KCBC/OL/DS | 14 |
| 5. | Circular KCBC Ref : 3320/KCBC/OL/DS | 18 |
| 6. | Circular KCBC Ref : 3321/KCBC/OL/DS | 20 |
| 7. | Notifications from the Chancellery | 26 |
| 8. | Seminary News | 29 |
| 9. | Catechism Department News | 32 |
| 10. | Family Apostolate | 36 |
| 11. | Youth Apostolate | 39 |
| 12. | Social Service Department | 40 |
| 13. | KSMCA News | 42 |
| 14. | Christus Vivit : Pope Francis | 43 |
| 15. | Bishop's Diary | 48 |
| 16. | Programme of the Bishop | 50 |

**Circular No. 11 /2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും സമാഗതമാവുകയാണ്! എല്ലാവർക്കും ആഗസ്റ്റ് 15ന്റെ നന്മകൾ ആശംസിക്കുന്നു!

2020 ആഗസ്റ്റ് 15ന് ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് 73 വർഷം പൂർത്തിയാവുകയാണ്; 74-ാമത് സ്വാതന്ത്ര്യദിനം നാം ആചരിക്കുകയാണ്. ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം നേടിത്തരാൻ ജീവൻ ഹോമിച്ചവരേയും, രാപകൽ അദ്ധ്വാനിച്ചവരേയും നാം സ്നേഹത്തോടെ ഓർമ്മിക്കേണ്ട സമയമാണിത്. സ്വതന്ത്ര ഭാരതത്തെ കെട്ടിപ്പടുക്കുവാൻവേണ്ടി കഠിനാദ്ധ്വാനം ചെയ്ത രാഷ്ട്രശിൽപികളേയും നാം മറക്കരുത്. ഇന്ന് നമ്മുടെ പ്രിയപ്പെട്ട ഭാരതത്തെ ഉന്നതിയിലേയ്ക്ക് നയിക്കുവാൻവേണ്ടി നിരന്തരം പരിശ്രമിക്കുന്ന എല്ലാ രാഷ്ട്ര നേതാക്കൻമാരെയും നാം നന്ദിയോടെ അനുസ്മരിക്കണം. നമ്മുടെ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി അഹോരാത്രം കാവലിരിക്കുന്ന നമ്മുടെ പടയാളികളേയും സ്നേഹത്തോടെ ഓർത്ത് അവർക്ക്വേണ്ടിയും പ്രാർത്ഥിക്കണം.

ഭാരതം സ്വാതന്ത്ര്യം നേടിയതിനുശേഷം വിവിധ മണ്ഡലങ്ങളിൽ ഒട്ടേറെ നേട്ടങ്ങൾ നേടീട്ടുണ്ടെങ്കിലും പരിഹരിക്കപ്പെടേണ്ടതായ അനേകം മേഖലകൾ ഇനിയും ഉണ്ട്. ഭഷണം, വിദ്യാഭ്യാസം, തൊഴിൽ, ഭവനം മുതലായവ ലഭിക്കാത്ത അനേകർ ഇന്നും നമ്മുടെ രാജ്യത്തുണ്ട്! മതവിദ്വേഷവും, ജാതി-വർണ്ണ-വർഗ്ഗ വിവേചനവും തീർത്തും മാറിയിട്ടില്ല. പരിസ്ഥിതി സംരക്ഷണം ഒരു വെല്ലുവിളിയാണ്. ഇതിനെല്ലാം പുറമെ ഇപ്പോൾ കോവിഡ്-19 നമ്മുടെ നാടിനെ വലയ്ക്കുന്നു. ഇവയ്ക്കെല്ലാം പരിഹാരം ഉണ്ടാകേണ്ടതുണ്ട്.

ഈ രാജ്യത്തെ സ്നേഹിക്കുന്നവരായ നമ്മൾ നമ്മുടെ പങ്ക് വഹിക്കണം. ഓരോരുത്തരും അവരവരുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവഹിച്ച് നമ്മുടെ രാഷ്ട്രത്തിന്റെ ഉന്നതിക്കായി പ്രവർത്തിക്കണം. ദൈവം നമുക്ക് നൽകിയ രാജ്യമാണ് ഇന്ത്യ! ഇന്ത്യയെ നാം സ്നേഹിക്കുന്നു; അതിന്റെ ഉന്നതിയിൽ നാം അഭിമാനിക്കുന്നു.

ആഗസ്റ്റ് 15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുന്നാളാണ്. ദൈവപുത്രന് അമ്മയാകുവാൻ മാത്രം പരിശുദ്ധയായി ദൈവം

അവളെ സൃഷ്ടിച്ചു! അവളുടെ പുണ്യശരീരം ഈ ഭൂമിയിൽ അഴിഞ്ഞ്പോകുവാൻ അവിടുന്ന് അനുവദിച്ചില്ല! അവളെ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് കരേറ്റാൻ ദൈവം തിരുമനസ്സായി. ആ വലിയ സംഭവത്തിന്റെ ഓർമ്മ ആചരിക്കുന്ന ദിനമാണ് ആഗസ്റ്റ് 15.

''ഇതാ കർത്താവിന്റെ ദാസി, നിന്റെ തിരുഹിതം എന്നിൽ ഭവിക്കട്ടെ'' (ലൂക്കാ 1 : 38) എന്ന് പറഞ്ഞ്കൊണ്ട് ജീവിതകാലം മുഴുവനും ദൈവത്തിന് പരിപൂർണ്ണമായി തന്നെത്തന്നെ സമർപ്പിച്ചവളാണ് മറിയം. ഈ മറിയം നമുക്ക് എന്നും മാതൃകയാണ്. ദൈവത്തിന്റെ വചനം മുഴുവനും ജീവിതത്തിൽ പകർത്താൻ സാധിക്കും എന്ന് തന്റെ ജീവിതം കൊണ്ട് നമുക്ക് കാണിച്ച് തന്നവളാണ് അവൾ. മറിയത്തെ നാം അനുകരിക്കണം.

സ്വർഗ്ഗാരോപിതയായ മറിയത്തെ ദൈവപുത്രൻ ത്രിലോകരാജ്ഞിയായി മുടിധരിപ്പിച്ചു! പരിശുദ്ധ മറിയത്തിന് ദൈവസന്നിധിയിൽ വലിയ മാദ്ധ്യസ്ഥ ശക്തിയുണ്ട്. നമ്മുടെ എന്താവശ്യത്തിലും നമ്മെ സഹായിക്കാൻ അവൾക്ക് സാധിക്കും. അതുകൊണ്ട് നമ്മുടെ ആവശ്യങ്ങളിൽ പരിശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥം നമുക്ക് തേടാം. ഇപ്പോൾ നമ്മെ വലയ്ക്കുന്ന വിവിധങ്ങളായ പ്രതിസന്ധികളിൽ നിന്ന് മോചനം നേടാൻ മാതാവിന്റെ കൈപിടിച്ച് ദൈവസന്നിധിയിൽ നമുക്ക് നിൽക്കാം.

ഒരിക്കൽക്കൂടി എല്ലാവർക്കും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

''കർത്താവ് അരുൾ ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി''(ലൂക്ക 1 : 45) എന്ന് അറിയപ്പെടുന്ന ഭാഗ്യവതിയായ മറിയത്തിന്റെ പ്രാർത്ഥനയാൽ ഭാരതവും നമ്മളെല്ലാവരും ദൈവത്താൽ അനുഗ്രഹിക്കപ്പെടട്ടേയെന്ന് പ്രാർത്ഥിച്ച്കൊണ്ട് +പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി<br>28-07-2020

+മാർ ലോറൻസ് മുക്കുഴി<br>ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ സർക്കുലർ 9.8.2020ന് മുമ്പ് രൂപതാംഗങ്ങൾ എല്ലാവരെയും അറിയിക്കേണ്ടതാണ്.

**Circular No. 10 /2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ഈശോയുടെ കൃപയും അനുഗ്രഹവും എല്ലാവർക്കും സ്നേഹപൂർവ്വം നേരുന്നു!

കോവിഡ്-19 ന്റെ ആക്രമണത്തിൽനിന്ന് മോചനത്തിനായി നാം പ്രാർത്ഥിച്ച്കൊണ്ടിരിക്കുകയാണ്; രോഗ നിവാരണത്തിനുള്ള മരുന്നുകൾ നാം തേടുന്നു. ദൈവപദ്ധതിക്ക് നമ്മളെതന്നെ വിധേയപ്പെടുത്തുകയാണ്. കോവിഡ്-19 ഇപ്പോഴും വ്യാപിച്ച്കൊണ്ടിരിക്കുന്നു. നാം ഭയപ്പെടരുത്. ഏത് സാഹചര്യത്തേയും യഥാർത്ഥ ബോധത്തോടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നാം നേരിടണം.

'കോവിഡ്-19 ബാധിച്ചവരൊക്കെ മരിക്കും' എന്ന ഒരു തെറ്റിദ്ധാരണ പടർന്നിട്ടുണ്ട്. അത് ശരിയല്ല. ഇന്നത്തെ കണക്കനുസരിച്ച് ഭാരതത്തിൽ 11,52,353 പേർക്ക് രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ 7,24,494 പേർ പൂർണ്ണ സൗഖ്യം പ്രാപിച്ചു! അതായത് രോഗം ബാധിച്ചവർ സൗഖ്യമാകുന്നു എന്നതാണ് സത്യം. എന്നാൽ ചിലപ്പോൾ ചിലർ ഈ രോഗത്താൽ മരണമടയാം. ആ സാഹചര്യവും നേരിടാൻ നാം തയ്യാറായിരിക്കണം. കോവിഡ്-19 രോഗം ബാധിച്ചവരെ നാം പൂർവ്വാധികം സഹതാപത്തോടും സ്നേഹത്തോടും കൂടെ നമുക്ക് ലഭിച്ചിട്ടുള്ള എല്ലാ നിബന്ധനങ്ങളും കൃത്യമായി പാലിച്ച്കൊണ്ട് തന്നെ പരിചരിക്കണം; അവരോട് കരുണ കാണിക്കണം. ഈ രോഗം വരുന്നത് ആരുടേയും കുറ്റംകൊണ്ടല്ല; അതൊരു ശാപവുമല്ല. ആരെങ്കിലും മരിക്കാനിടയായാൽ അവർക്ക് മാന്യവും ക്രൈസ്തവോചിതവുമായ മൃതസംസ്ക്കാരം നൽകേണ്ടത് നമ്മുടെ കടമയാണ്. മരിച്ച വ്യക്തിയുടെ മനംനൊന്തിരിക്കുന്ന കുടുംബാംഗങ്ങളോട് കാണിക്കാവുന്ന വലിയ സ്നേഹവും പരിഗണനയും ആയിരിക്കും അത്; അവർക്ക് ആശ്വാസത്തിന്റെ തൂവൽ സ്പർശം ലഭിക്കുകയും ചെയ്യും.

കോവിഡ്-19 ബാധിച്ച് മരിക്കുന്ന വ്യക്തികളുടെ മൃതശരീരം എല്ലാവിധ സുരക്ഷാ നടപടികളും ചെയ്തതിനുശേഷമാണ് ആശുപത്രിയിൽ നിന്നും കൊടുത്തയക്കുന്നത്. അതുകൊണ്ട് മൃതസംസ്ക്കാര ചടങ്ങുകൾ സർക്കാർ നൽകുന്ന നിയമാനുസരണം നടത്തിയതുകൊണ്ട് രോഗ

വ്യാപനം ഉണ്ടാകാൻ സാധ്യത വളരെ കുറവാണ്. ഈ രോഗം സൂക്ഷി ച്ചില്ലങ്കിൽ ആർക്കും വരാം. ചുരുക്കം സന്ദർഭങ്ങളിൽ മരണമടയാനും സാധ്യതയുണ്ട്. അതുകൊണ്ട് നാം ചില മുൻകരുതലുകൾ എടുക്കു കയും മാന്യവും ക്രൈസ്തവോചിതവുമായ മൃതസംസ്ക്കാര കർമ്മ ങ്ങൾ നടത്തുവാൻ നമ്മുടെ രൂപതയിൽ ഈ താഴെ പറയുന്ന നിർദ്ദേ ശങ്ങൾ എല്ലാവരും പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു :

**A.** 1. കോവിഡ്-19 ബാധിച്ച് മരിക്കുന്ന വ്യക്തികളെ നമ്മുടെ പള്ളി സെമിത്തേരികളിൽ അടക്കുക. കല്ലറയിൽ വേണോ അല്ലാതെ വേണോ എന്ന് ബഹുമാനപ്പെട്ട വികാരിയച്ചനും മൃതവ്യക്തി യുടെ കുടുംബാംഗങ്ങളും പാരീഷ് കൗൺസിൽ അംഗങ്ങളും ഒന്ന് ചേർന്ന് തീരുമാനിക്കുക. പ്രത്യേക സാഹചര്യ നിമിത്തം ഏതെങ്കിലും ഇടവകയിൽ വ്യത്യസ്ഥ തീരുമാനം വേണമെങ്കിൽ രൂപതാ കച്ചേരിയിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ്.

2. മൃതസംസ്ക്കാര ശുശ്രൂഷയുടെ വിവരം തഹസിൽദാരെയും താലൂക്ക് ഹെൽത്ത് ഓഫീസറേയും (TO) അറിയിച്ച് അവരുടെ അനുമതി നേടുക.

3. കല്ലറ/കുഴിയിൽ വെയ്ക്കുന്നതിനു മുൻപ് മൃതസം സ്ക്കാരത്തിന്റെ പ്രാർത്ഥനകൾ ചൊല്ലാവുന്നതാണ്. വൈദികൻ പേഴ്സണൽ പ്രൊടെക്ഷൻ എക്യുപ്പ്മെന്റ് (PPE) ധരിച്ചിരിക്കണം. മൃതശരീരത്തിനടുത്ത് നിയമമനുസരിച്ചുള്ള എണ്ണം വ്യക്തികൾ മാത്രമേ പാടുള്ളു.

4. കല്ലറ/കുഴിയുടെ ആഴം 8 അടിയെങ്കിലും ഉണ്ടായിരിക്കണം.

5. കുഴിയെടുക്കുവാൻ ജെ.സി.ബി ഉപയോഗിക്കാവുന്നതാണ്.

6. കല്ലറയാണ് ഉപയോഗിക്കുന്നതെങ്കിൽ അതിനാവശ്യമായ മണൽ മുൻക്കൂട്ടി കരുതിയിരിക്കണം. ബ്ളീച്ചിങ്ങ് പൗഡർ 10 കിലോ എങ്കിലും കരുതിയിരിക്കണം.:

7. മൃതദേഹം കുളിപ്പിക്കുക, ചുംബിക്കുക, ആശ്ലേഷിക്കുക മുതലാ യവ സർക്കാർ നിയമപ്രകാരം അനുവദനീയമല്ല.

8. കല്ലറ/കുഴിയിൽ മൃതദേഹം വച്ചതിനുശേഷം പെട്ടി മൂടുന്നതു

വരെ മണൽ/മണ്ണ് എന്നിവ കൈകൊണ്ട് ഇടാവുന്നതും അതിനു ശേഷം ജെ.സി.ബി. ഉപയോഗിക്കാവുന്നതുമാണ്.

9. കല്ലറ മണലിട്ട് നിറച്ച് കഴിഞ്ഞാൽ പിന്നെ സിമെന്റ് ഇട്ട് സീൽ ചെയ്യേണ്ടതാണ്. ഈ കല്ലറ പിന്നീട് ഒരു അറിയിപ്പ് ഉണ്ടാകുന്ന തു വരെ ഉപയോഗിക്കാൻ പാടില്ല.

10. മൃതസംസ്ക്കാര ശുശ്രൂഷ മുഴുവനും വീഡിയോ റെക്കോർഡ് ചെയ്തിരിക്കണം.

11. മൃതസംസ്ക്കാരം സംബന്ധിച്ച് എല്ലാ കാര്യങ്ങളും സർക്കാർ നിയമപ്രകാരം ചെയ്യേണ്ടതാണ്.

## B. കോവിഡ്-19 ബാധിച്ച മൃതരെ സംസ്ക്കരിക്കുന്നതിനുള്ള സന്നദ്ധസംഘം (Task Force)

കോവിഡ്-19 ബാധിച്ച് മരിക്കുന്നവരെ സംസ്ക്കരിക്കുവാൻ പ്രത്യേക പരിശീലനവും തയ്യാറെടുപ്പും ആവശ്യമാണ്. നിയമാനുസൃതം കരുതലോടെ ഈ മൃതസംസ്ക്കാരം നടത്തുന്നവർക്ക് രോഗം പടരു കയില്ല. എന്നാൽ തയ്യാറെടുപ്പും പരിചയവും ഉള്ള ഒരു അഞ്ചംഗസംഘം എല്ലാ ഇടവകകളിലും ചുരുങ്ങിയത് ഒരു ഫൊറോനായിൽ ഒന്നെങ്കിലും ഉണ്ടാകണം എന്ന് ഞാനാഗ്രഹിക്കുന്നു. ഈ ടാസ്ക്ക് ഫോർസ് രൂപീ കരണത്തിനും തുടർന്നുള്ള കാര്യങ്ങൾ നടത്തുന്നതിനും നമ്മുടെ കെ. എസ്.യം.സി.എ. തയ്യാറായി വന്നിട്ടുണ്ട് എന്നത് വലിയ സന്തോഷമു ള്ള കാര്യമാണ്. പെരിയബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചൻമാരും ഇടവകാ വികാരിമാരും കെ.എസ്.യം.സി.എ. യോട് സഹകരിച്ച് ആവ ശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് അടി യന്തര ആവശ്യമുള്ളതാകയാൽ എത്രയും വേഗന്ന് ഇതിന്റെ നടപടി പൂർത്തിയാക്കി രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. ഈ ടാസ്ക്ക് ഫോർസിന് THO പരിശീലനം നൽകുന്നതാണ്. ഇവർക്ക് പരിശീലനം കൊടുപ്പിക്കുന്ന കാര്യത്തിലും ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് അറി യിക്കുന്നു.

**കോവിഡ്-19 രോഗം ബാധിച്ച് മരണമടഞ്ഞവരുടെ മൃതസംസ്ക്കാര**

**ത്തിനുവേണ്ടിയുളള ടാസ്ക്ക് ഫോർസിനെ സംബന്ധിച്ച് ഈ താഴേ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:**

1. ഓരോ ഇടവകയ്ക്കും/ ഫൊറോനായ്ക്കും ആവശ്യമായ ടാസ്ക്ക് ഫോർസ് ഉണ്ടായിരിക്കണം.
2. ഈ ടാസ്ക്ക് ഫോർസിൽ 20 നും 40 നും ഇടയ്ക്ക് പ്രായമായ മറ്റ് രോഗങ്ങളില്ലാത്ത സന്നദ്ധരായ 5 പുരുഷൻമാരെങ്കിലും ഉണ്ടായിരിക്കണം.
3. ടാസ്ക്ക് ഫോർസ് രൂപീകരിച്ച വിവരം തഹസിൽദ്ദാറെയും താലൂക്ക് ഹെൽത്ത് ഓഫീസറേയും (THO) അറിയിക്കുകയും അവർ ഏർപ്പെടുത്തുന്ന പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കുകയും ചെയ്യണം.
4. ടാസ്ക്ക് ഫോർസിൽ ശുശ്രൂഷ ചെയ്യുന്നവർ പി.പി.ഇ. കിറ്റ് (PPE Kit) ധരിച്ചിരിക്കണം.

ഈ ടാസ്ക്ക് ഫോർസിൽ പ്രവർത്തിക്കുന്നത് വളരെ ശ്രേഷ്ഠമായ കാര്യമാണ്. ഈ ടാസ്ക്ക് ഫോർസ് നമ്മുടെ പരിസരത്തുള്ള മറ്റ് മതസ്ഥരുടെ ഈ വിധമുള്ള മൃതസംസ്ക്കാരത്തിലും കരുതലോടെ സഹകരിക്കാവുന്നതാണ്. അത് വലിയ സാക്ഷ്യമായിരിക്കും. കോവിഡ്-19 രോഗത്തേയും അതുമൂലം ഉണ്ടാകുന്ന പ്രതിസന്ധികളേയും സധൈര്യം നമുക്ക് ദൈവത്തിലാശ്രയിച്ച്കൊണ്ട് നേരിടാം.

"എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു അവിടുന്നെനിക്ക് ഉത്തരമരുളി" (യോനാ 2:2) എന്ന വചന പ്രകാരം നമുക്ക് കർത്താവിനെ വിളിച്ചപേക്ഷിച്ച് അവിടുത്തെ ഉത്തരത്തിനായി കാത്തിരിക്കാം. കാരുണ്യവാനായ ദൈവം നാമേവരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ച്കൊണ്ട് +പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി

21-07-2020 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**NB:** ഈ സർക്കുലർ 26.7.2020 ന് മുമ്പ് എല്ലാവരെയും അറിയിച്ച് ആവശ്യമായ നടപടി എടുക്കേണ്ടതാണ്.

**Circular No. 09/2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

കോവിഡ്-19 നമ്മുടെ രാജ്യത്ത് പടർന്ന്കൊണ്ടിരിക്കുകയാണല്ലോ. ദിനംപ്രതി രോഗപീഡിതരുടെ എണ്ണം വർദ്ധിക്കുന്നു. കർണ്ണാടക സംസ്ഥാനത്തിലും രോഗം കൂടി കൂടി വരികയാണ്. പ്രപഞ്ചകർത്താവായ ദൈവത്തിൽ ആശ്രയിക്കുക എന്നതുമാത്രമാണ് ഈ അവസരത്തിൽ നമുക്ക് ചെയ്യുവാനുള്ളത്. സർക്കാരും ആരോഗ്യ പ്രവർത്തകരും നമുക്ക് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി നാം പാലിക്കേണ്ടതുതന്നെ. എങ്കിലും ശാശ്വത പരിഹാരം ദൈവത്തിൽ നിന്നുമാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ.

ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുക്കപ്പെട്ട പുരോഹിത ഗണമായ നമുക്ക് (1 പത്രോസ് 2:9) ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേക കടമയും അവകാശവും ഉണ്ട്. അതുകൊണ്ട് 2020 ജൂലൈ 19 മുതൽ 28 വരെ നമ്മുടെ രൂപതയിൽ പ്രത്യേകമായ പ്രാർത്ഥന നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. 19 മുതൽ 27 വരെ എല്ലാ ദിവസവും ബഹുമാനപ്പെട്ട അച്ചൻമാർ സ്ഥിരതാമസമുള്ള എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയ്ക്ക് മുമ്പോ അതിനു ശേഷമോ പരിശുദ്ധ കുർബാനയുടെ ആരാധന നടത്തുകയും കോവിഡ് രോഗ നിവാരണത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും വേണം. ആ ദിവസങ്ങളിൽ വിശുദ്ധ അൽഫോൻസാമ്മയുടെ നൊവേന ചൊല്ലുന്ന പതിവ് നമുക്കുണ്ടല്ലോ. ഈ പ്രത്യേക നിയോഗം അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥം വഴി നമുക്ക് പ്രാർത്ഥിക്കാവുന്നതാണ്. ആ 9 ദിവസങ്ങളിലും പള്ളികളിൽ ബഹു. അച്ചൻമാർ ആരാധിച്ച് പ്രാർത്ഥിക്കുമ്പോൾ ജനങ്ങൾ വീടുകളിൽ തീക്ഷ്ണമായി പ്രാർത്ഥിക്കുകയും നൊവേന ചൊല്ലുകയും വേണം. സാധിക്കുന്നവരൊക്കെ ആ 9 ദിവസങ്ങളിലും ഈ ലക്ഷ്യത്തിനുവേണ്ടി നോമ്പ് നോക്കി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജൂലൈ 24 വെള്ളിയാഴ്ച്ച നമുക്കെല്ലാവർക്കും ഉപവാസമെടുത്ത് പ്രാർത്ഥിക്കാം. അന്നേ ദിവസം രൂപത മുഴുവനും ഉപവാസ പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് അപേക്ഷിക്കുന്നു. ഒന്നുകിൽ കോവിഡ് -19 നമ്മെ വിട്ട് പോകണം; അല്ലെങ്കിൽ ഈ രോഗത്തെ പ്രതിരോധിക്കാനിള്ള മരുന്ന് കണ്ടുപിടിക്കാൻ സാധിക്കുകയും ഈ ദുർഘട സാഹ

ചര്യം അതിജീവിക്കാൻ ശക്തി ദൈവം നമുക്ക് തരികയും വേണം. അങ്ങനെ ദൈവത്തിന്റെ തിരുവിഷ്ടം തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള അവസരം നമ്മുക്കുണ്ടാവണം.

ജുലൈ 28 ന് രാത്രി 7.30 മുതൽ 8.00 വരെ കത്തീഡ്രൽ പളളിയിൽ ഞാനും രൂപതാ കേന്ദ്രത്തിലുളളവരും ചേർന്ന് വിശുദ്ധ കുർബാനയുടെ ആരാധന നടത്തുകയും ഞാൻ പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം രൂപതാ ജനങ്ങൾക്ക് മുഴുവനുമായി നൽകുകയും ചെയ്യുന്നതാണ്. ആ സമയത്ത് എല്ലാവരും അവരവർ ആയിരിക്കുന്ന സ്ഥലത്ത് മുട്ട് കുത്തി (സാധിക്കുന്നവർ ) തലകുനിച്ച് കൈകൂപ്പി ആശീർവാദം സ്വീകരിക്കുകയും ''പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും ആരാധനയും സ്തുതിയും പുകഴ്ച്ചയും ഉണ്ടായിരിക്കട്ടെ എന്ന് 3 പ്രാവശ്യം ചൊല്ലുകയും വേണം'' .

''അപ്പോൾ തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനോട് നിലവിളിച്ച് അപേക്ഷിച്ചു; അവിടുന്ന് അവരെ ഞെരുക്കങ്ങളിൽനിന്ന് വിടുവിച്ചു ''(സങ്കീ. 107:28) എന്ന തിരുവചന പ്രകാരം നമുക്ക് ഈ ഞെരുക്കകാലത്ത് കർത്താവിനോട് നിലവിളിച്ചപേക്ഷിക്കാം.അവിടുന്ന് നമ്മെ കഷ്ടതയിൽ നിന്ന് വിടുവിയ്ക്കും. കരുണാമയനായ ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ച്കൊണ്ട് നിങ്ങളെയെല്ലാവരെയും + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി
16-07-2020 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ സർക്കുലർ 19.7.2020ന് മുമ്പ് രൂപതാംഗങ്ങൾ എല്ലാവരെയും അറിയിക്കേണ്ടതാണ്.

Ref: 3332/KCBC/OL/DS 23.07.2020

## കെസിബിസി സർക്കുലർ

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താം

അഭിവന്ദ്യ പിതാക്കൻമാരേ, വൈദീകരേ, സന്ന്യസ്തസഹോദരങ്ങളേ,

ഈ കോവിഡ് കാലത്ത് സർക്കാരിന്റെ പ്രതിരോധ പ്രവർത്തനങ്ങളോട് നമ്മൾ സർവാത്മനാ സഹകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. സഭയുടെ ആരാധന ജീവിതത്തേയും സഭാ ജീവിതത്തിന്റെ മിക്കവാറും എല്ലാ മേഖലകളെയും കോവിഡ് പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങളിൽ ഊന്നിയുള്ള ലോക്ക് ഡൗൺ ഭാഗികമായി തുടരുമ്പോൾ തന്നെയാണ് അനുദിനം രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ലോക്ക് ഡൗണിനു ശേഷമുള്ള സാഹചര്യങ്ങൾ രോഗസാധ്യതയുള്ളവരുമായി കൂടുതൽ ആളുകൾ ഇടകലരുന്നതിന് അവസരമുണ്ടാക്കി. ഈ സന്ദർഭത്തിലും പ്രതിരോധ തലത്തിൽ ഊന്നിയുള്ള സർക്കാരിന്റെ നടപടികൾ ഒരുപരിധിവരെ ഫലപ്രദമായി മുന്നേറുകയാണല്ലോ.

എങ്കിലും കോവിഡ്-19 മഹാമാരി അതിവേഗം പടരുന്ന സാഹചര്യത്തിൽ, സഭയിലും സമൂഹത്തിലുമുണ്ടായേക്കാവുന്ന അടിയന്തര സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നാം കൂടുതൽ സജ്ജരാകേണ്ടിയിരിക്കുന്നു.

1. നമ്മുടെ സന്ന്യാസ ഭവനങ്ങളിലും ആളുകൾ ഒരുമിച്ചു താമസിക്കുന്ന മറ്റിടങ്ങളിലും പ്രത്യേകമായ കരുതൽ ആവശ്യമാണ്. ആരോഗ്യരംഗത്തും മറ്റു സാമൂഹ്യ രംഗങ്ങളിലും പ്രവർത്തിക്കുന്നവർ ദൈനംദിനം അവരുടെ പ്രവർത്തന മേഖലകളിൽ രോഗസാധ്യതയുള്ളവരുമായി ഇടപഴകുന്ന സാഹചര്യങ്ങളുണ്ടായേക്കാം. അത്തരം ഇടങ്ങളിൽനിന്നു രോഗം പിടിപെടാതിരിക്കുന്നതിനും, രോഗമുണ്ടായാൽ മറ്റുള്ളവരിലേക്ക് പടരുന്നതിനുള്ള സാധ്യത തടയുന്നതിനും ആവശ്യമായ മുൻകരുതലുകളെടുക്കണം.
2. നമ്മുടെ സമർപ്പിതർ ഈ രംഗത്ത് അപകട സാധ്യത കൂടുതലുള്ള രംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. കഴിയുംവിധമുള്ള എല്ലാ മുൻകരുതലും സ്വീകരിക്കാൻ അവർ ശ്രദ്ധിക്കണം.

3. സഭ നടത്തുന്ന കെയർഹോമുകൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയ ഇടങ്ങളിലും പ്രത്യകം കരുതലും ജാഗ്രതയും ഉണ്ടായിരിക്കണം.

4. അറുപത്തിയഞ്ചു വയസ്സിനു മുകളിലുള്ളവർക്ക് ഇടവകയിലെ ആത്മീയ ശുശ്രൂഷകളിൽ സംബന്ധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അവരെ ആത്മീയമായും മാനസികമായും സഹായിക്കുന്നതിന് വൈദികർ വേണ്ടതെല്ലം ചെയ്യേണ്ടതാണ്.

5. കോവിഡ് രോഗബാധിതരായ ആർക്കുംതന്നെ അജപാലനപരമായ നമ്മുടെ ശ്രദ്ധ കിട്ടാതെപോകരുത്. ഏറെ ജാഗ്രതയോടും വിവേകത്തോടുംകൂടി ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നമ്മുടെ വൈദികരെ ഒരുക്കണം.

6. രോഗലക്ഷണങ്ങളോടുകൂടി നമ്മുടെ സന്യാസഭവനങ്ങളിലോ ആളുകൾ ഉണ്ടെന്നു ബോധ്യമായാൽ ആരോഗ്യ പ്രവർത്തകരുടെ സഹായം തേടാൻ മടിക്കരുത്. ഇക്കാര്യത്തിൽ പ്രത്യേകം ജാഗ്രത പുലർത്താൻ വൈദികർക്ക് നിർദേശം നൽകണം.

7. കോവിഡ്-19 സംശയിക്കത്തക്ക രോഗ ലക്ഷണങ്ങളോടെ വൈദികർ വി. കുർബാനയോ മറ്റു കൂദാശകളോ പരികർമ്മം ചെയ്യാനോ വി.കുർബാന മറ്റുള്ളവർക്ക് നൽകാനോ ഇടയാകരുത്. അഭിവന്ദ്യ പിതാക്കൻമാരും വൈദികരും സഭയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന മറ്റ് ശുശ്രൂഷകരും ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം.

8. ക്വാറന്റൈനിൽ കഴിയുന്നവരും ഒറ്റപ്പെട്ടു കുടുംബങ്ങളിൽ കഴിയുന്നവരും ഇടവക വൈദികരുമൊക്കെ ഈ ദിവസങ്ങളിൽ ഏകാന്തതയും രോഗഭീതിയും മൂലമുള്ള മാനസിക സമ്മർദങ്ങളും അനുഭവിക്കുന്നുണ്ട്. നമ്മുടെ കരുതലും ബലപ്പെടുത്തുന്ന വാക്കുകളും വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹ്യമായി അകലം പാലിക്കുമ്പോഴും ആത്മീയമായും മാനസികമായും പരസ്പ്പരം ശക്തിപ്പെടുത്താൻ നമ്മുക്ക് ജാഗ്രതയുള്ളവരാകാം.

9. കൗൺസിലിംങ്ങിലൂടെയും മറ്റും വ്യക്തികളുടെ ഏകാന്തതയും ആശങ്കകളും കുറയ്ക്കുന്നതിനുള്ള ശുശ്രൂഷകൾ രൂപതാതലത്തിൽ ശക്തിപ്പെടുത്താനും ഈ രംഗത്ത് പരിശീലനവും പരിചയമുള്ള

അൽമായ സഹോദരങ്ങളുടെയും സമർപ്പിതരുടെയും സേവനം പ്രയോജനപ്പെടുത്താനും കഴിയുന്നതെല്ലാം ചെയ്യണം.

10. രോഗികളെ തക്കസമയത്തു ശുശ്രൂഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, അവിടെയുണ്ടാകാവുന്ന അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ സംവിധാനങ്ങളെയും സഭയുടെ ശുശ്രൂഷകളെയും ശക്തിപ്പെടുത്തുന്നതിനും മരിച്ചടക്ക്, മൃത ശരീരങ്ങൾ ദഹിപ്പിക്കൽ, ശ്മശാന ഭൂമി തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വൈദികരെയും സർക്കാർ സംവിധാനങ്ങളെയും സഹായിക്കുന്നതിനുമായി ഓരോ രൂപതയിലും കോവിഡ്-19 സന്നദ്ധപ്രവർത്തകരുടെ ഒന്നോ അതിലേറെയോ സംഘങ്ങളെ തയ്യാറാക്കേണ്ടതാണ്. രൂപതയിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയും യുവജന സംഘടനയും ആരോഗ്യ പ്രവർത്തകരും വൈദികരും ഉൾപ്പെട്ട ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്.

11. ഇടവകാതിർത്തിയിൽ കണ്ടെയിൻമെന്റ് സോണുകൾ ഉണ്ടെങ്കിൽ, അവിടെ വസിക്കുന്നവരുടെ ഭക്ഷണം, മരുന്ന് ഇത്യാദി കാര്യങ്ങളിൽ ഈ സംവിധാനങ്ങൾക്ക് ഫലപ്രദമായി സഹായിക്കാൻ കഴിയണം.

12. കെസിബിസി തലത്തിൽ, ഈ പ്രവർത്തനങ്ങളെ കേരള സോഷ്യൽ സർവ്വീസ് ഫോറം ക്രോഡീകരിക്കുന്നതാണ്. ഹെൽത്ത് കമ്മീഷനും കെസിഎംഎസ്സും ഈ പ്രവർത്തനങ്ങളുമായി കൈകോർക്കുന്നതാണ്.

13. ആവശ്യത്തിനായി വരുന്ന പ്രാരംഭ ചെലവുകൾ രൂപതയിൽനിന്നു കണ്ടെത്തേണ്ടതാണ്. പ്രയാസമുള്ള രൂപതകളെ സഹായിക്കുന്നതിന് കേരള സോഷ്യൽ സർവ്വീസ് ഫോറം സന്നദ്ധത അറിയിച്ചിട്ടുമുണ്ട്. സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനം, PPE കിറ്റ് തുടങ്ങിയ കാര്യങ്ങളും ഹെൽത്ത് കമ്മീഷന്റെ സഹകരണത്തോടെ കെഎസ്എസ് ഫോറംവഴി ക്രമീകരിക്കുന്നതാണ്.

14. ആശയവിനിമയം എളുപ്പമാക്കുന്നതിന് ഫോറത്തിന്റെ ഓഫീസായ ആമോസ് സെന്ററിൽനിന്നും സന്നദ്ധ പ്രവർത്തകരുടെ ഒരു ഹെൽപ്പ് ലൈൻ ക്രമീകരിക്കുന്നതാണ്.

15. നമ്മുടെ 32 രൂപതകളിലും ഇക്കാര്യങ്ങൾക്കായി പ്രത്യേകം ഡയറക്ടർമാരെ നിയമിക്കുകയോ സോഷ്യൽ സർവ്വീസ് സൊസൈറ്റികളെ ചുമതലപ്പെടുത്തുകയും വേണം.

16. കോവിഡ് പ്രതിരോധ യജ്ഞത്തിൽ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥനകൾ തുടർന്നും ദൈവസന്നിധിയിൽ സമർപ്പിക്കാം.

ദൈവം നിങ്ങളെ കാത്തുപരിപാലിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ!

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി.

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3320/KCBC/OL/DS 06.07.2020

## പരിശുദ്ധ കന്യകാമറിയത്തിന്റെ മൂന്നു അപദാനങ്ങൾ കൂട്ടി ചേർത്ത് മാധ്യസ്ഥ്യം തേടുന്ന സഭ

പരിശുദ്ധ കന്യകാമറിയം വിശ്വാസികളുടെ പ്രത്യേക മധ്യസ്ഥയാണ്. ജപമാല പ്രാർത്ഥനയുടെ അവസാനത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ അപദാനങ്ങൾ വാഴ്ത്തിപ്പാടി അവളുടെ മാധ്യസ്ഥ്യത്തിനായി അപേക്ഷിക്കുന്ന ലുത്തിനിയ ഇറ്റലിയിലെ ലൊറേറ്റോ എന്ന മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ 1541-ൽ ആരംഭിച്ചതാണ്. 1587-ൽ സിക്സ്റ്റസ് 5-ാമൻ പാപ്പാ അതിനു അംഗീകാരം നല്കുകയും മറ്റ് പല ലുത്തിനിയകൾ അനൗദ്യോഗികമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. പിൽക്കാലത്ത് പല സമയങ്ങളിലായി 7 പുതിയ അർഥനകൾ പ്രസ്തുത ലൊറേറ്റോ ലുത്തിനിയയുടെകൂടെ ചേർക്കുകയുണ്ടായി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ 1988-ൽ സഭയുടെ മാതാവേ എന്നതും 1995-ൽ കുടുംബങ്ങളുടെ രാജ്ഞി എന്നതും ചേർക്കുകയുണ്ടായി.

ഇപ്പോൾ ലോകം മുഴുവൻ നേരിട്ട്കൊണ്ടിരിക്കുന്ന വലിയ വിപത്തായ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 20-ാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലത്തിരുനാളിൽ മൂന്ന് സംബോധനകൾ കൂടെ ചേർത്ത് അവളുടെ മധ്യസ്ഥത്തിനായി യാചിക്കാനായി വിശ്വാസികളെ ഫ്രാൻസിസ് പാപ്പ ഉദ്ബോധിപ്പിക്കുകയുണ്ടായി.

കരുണയുടെ മാതാവേ എന്ന യാചന സഭയുടെ മാതാവേ എന്നതിനുശേഷവും, പ്രത്യാശയുടെ മാതാവേ എന്നത് ദൈവവരപ്രസാദത്തിന്റെ മാതാവേ എന്നതിനുശേഷവും കുടിയേറ്റക്കാരുടെ മാതാവേ എന്നത് പാപികളുടെ സങ്കേതമേ എന്നതിനുശേഷവും ചേർക്കാനാണ് പരിശുദ്ധ പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്.

ഈ യാചനകളിലുള്ള മറിയത്തിന്റെ നാമങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം സഭയുടെ പരമ്പരാഗത പ്രാർത്ഥനകളിൽ ഉള്ളതാണ്. അതായത് പരിശുദ്ധ രാജ്ഞി കരുണയുടെ മാതാവേ സ്വസ്തി, ഞങ്ങളുടെ ജീവനും ശരണവുമേ സ്വസ്തി (Salve Regina, Mater Misericordiae, Vita Dulcedo, et Spes Nostra Salve) = Hail Holy Queen, Mother of Mercy, Hail our Sweetness and our Hope) കൂടെ എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ മരിയത്തെ സഭ "കരുണയുടെ മാതാവായും," "പ്രത്യാശയുടെ മാതാവായും" അഭിസംബോധന ചെയ്തുവരുന്നുണ്ട്. ഈ സംബോധനകൾ ലുത്തിനിയയിലേക്കു ചേർക്കുകയാണ് മാർപാപ്പാ ചെയ്തത്.

“കുടിയേറ്റക്കാരുടെ മാതാവേ”(Solacium migrantium solace of migrants) എന്നത് ഈ കാലഘട്ടത്തിന്റെ വലിയ പ്രതിഭാസത്തിനു ചേർന്ന താണല്ലോ. മനുഷ്യർ തങ്ങളുടെ ദേശത്തിൽ നിന്നും പുതിയമേച്ചിൽ സ്ഥലങ്ങൾ അന്വേഷിച്ചു പോകുന്നു. സംസ്ഥാനങ്ങളുടെയും രാഷ്ട്ര ങ്ങളുടെയും അതിർത്തികൾ ഭേദിച്ച് മനുഷ്യർ നീങ്ങിക്കൊണ്ടിരിക്കു ന്നു. അതിർത്തിവരമ്പുകളില്ലാതെ ലോകം ഒന്നായി മാറുന്ന പ്രക്രിയ യുടെ ഭാഗമാണത്. ബൈബിളിൽ തന്നെയും കുടിയേറ്റത്തിന്റേതായ ചിത്രങ്ങൾ കാണാനാകും. വിശ്വാസികളുടെ പിതാവായ അബ്രാഹം തന്റെ ദേശത്തുനിന്ന് മറ്റൊരു ദേശത്തേയ്ക്ക് - ദൈവം കാണിച്ച്കൊ ടുത്ത ഇടത്തേയ്ക്ക് - കുടിയേറുന്നു. പിൽക്കാലത്ത് ഇസ്രായേൽക്കാർ ഈജിപ്തിൽ അഭയാർത്ഥികളായി മാറുന്നു. എന്നാൽ ദൈവം അവരെ സ്വാതന്ത്ര്യത്തിന്റെ നാടായ, വാഗ്ദത്തഭൂമിയായ, കാനാൻ ദേശത്തയ്ക്ക് തിരികെ കൊണ്ടുവരുന്നു. അസ്സീറിയായിലെയും, ബാബിലോണിലെയും വിപ്രവാസം ദൈവജനത്തിന്റെ തുടർന്നുള്ള അനുഭവമായിരുന്നു. അങ്ങനെ വരുമ്പോൾ അഭയാർത്ഥികളാക്കുന്നതും, വിപ്രവാസത്തിലാ ക്കുന്നതും ഒക്കെ കുടിയേറ്റത്തിന്റെ ഭാഗങ്ങളാണ്. അതിനാൽ കുടി യേറ്റക്കാർക്കുവേണ്ടി ദൈവത്തിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നത് നമ്മുടെ ഈ കാലഘട്ടത്തിൽ പ്രസക്തിയുള്ള കാര്യമാണ്.

പരിശുദ്ധപിതാവിന്റെ ആഹ്വാനത്തെ നമ്മുക്ക് സർവാത്മനാ സ്വീക രിക്കാം. കന്യകാമറിയം കരുണയുടെയും പ്രത്യാശയുടെയും അമ്മ യാണ്. കാനായിലെ കല്യാണവിരുന്നിൽ അവൾ കരുണാപൂർവ്വം തന്റെ പുത്രനോട് യാചിച്ചുകൊണ്ട് ആ ഭവനത്തിൽ പ്രത്യാശ പകർന്നു. അവിടെ ആഘോഷവും ആനന്ദവും തിരികെ വന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ ലോകത്തെ മുഴുവൻ രക്ഷയുടെ സമ്പൂർണമായ അനുഭവ ത്തിലേയ്ക്കു നയിക്കാൻ നമ്മുക്ക് കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യം തേടാം. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലായം

Ref: 3321/KCBC/OL/DS 09.07.2020

## കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡവലെപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ കോവിഡ്–19 അതിജീവന മാർഗ്ഗരേഖ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ,സമർപ്പിതരേ, പ്രിയ സഹോദരങ്ങളെ,

കേരള കത്തോലിക്കാസഭയുടെ സാമൂഹിക നീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ. ഇന്നുവരെ നാം അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു മഹാവിപത്തിനെ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. കോവിഡ്–19 ന്റെ വ്യാപനം എവിടെയും വലിയ ദുരിതങ്ങളും ആശങ്കകളുമാണ് ഉളവാക്കിയിരിക്കുന്നത്. ഈ പ്രതി സന്ധിയുടെ നടുവിൽ മനസ്സിടിയാതെ ദൈവം നല്കുന്ന കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. സ്വാർത്ഥം ഉപേക്ഷിച്ച് മനുഷ്യൻ ആത്യന്തിക ലക്ഷ്യമായ ദൈവത്തിലേക്കും ഒപ്പം സഹോദരങ്ങളിലേക്കും പ്രകൃതിയിലേക്കും മടങ്ങണമെന്ന ആഹ്വാനമിവിടെ മുഴങ്ങുന്നുണ്ട്. അത് നാം ശ്രവിച്ചുകൊണ്ട് പുതിയ ജീവിത ശൈലികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഇന്നത്തെ പ്രത്യേക പരിതാപാവസ്ഥയിൽ ശരിയായി ഇടപ്പെടുകയും പഠനം നടത്തുകയും ചെയ്തുകൊണ്ടാണ് അതി ജീവനത്തിനു സഹായിക്കുന്ന കർമ്മ പദ്ധതികൾ കമ്മീഷൻ ആവിഷ്കരിക്കുന്നത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് നാം ഉണ്ടാക്കുന്ന ആഘാതങ്ങളാണ് പലപ്പോഴും വൈറസുകളുടെ രൂപമാറ്റത്തിന്(mutation)കാരണമാകുന്നത്. ഈ ഗണത്തിൽ ഏറ്റവും പുതിയതാണല്ലോ കോവിഡ്–19 ന് കാരണമാകുന്ന കൊറോണ വൈറസ്. ഈ വൈറസ് വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ആരോഗ്യ മേഖലയിലും സാമ്പത്തിക മേഖലകളിലും കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഏൽപ്പിക്കുന്ന ആഘാതം നാമിന്ന് നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ എന്നവസാനിക്കുമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. നാളിതുവരെ ഇതിനെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും സഭയെന്ന നിലയിൽ നമ്മൾ ഉണർന്നു പ്രവർത്തിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ രൂപതാ തലങ്ങളിൽ കോവിഡ് അതി ജീവന പ്രവർത്തനങ്ങൾ കാര്യ

ക്ഷമമായി നടക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ നമ്മുടെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകവുമാണ്. ഈ സന്ദർത്തിൽ കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഈ നാളുകളിൽ ത്യാഗപൂർവ്വം സേവനനിരതരായിരിക്കുന്ന നമ്മുടെ ആരോഗ്യ പ്രവർത്തകർ, ഭരണാധികാരികൾ, നിയമപാലകർ, വൈദികർ, സന്ന്യസ്തർ തുടങ്ങിയവരെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ നന്ദിപൂർവ്വം ഓർക്കുന്നു.

ഏതൊരു ദുരന്തവും നമുക്കു മുന്നിൽ ചില വെല്ലുവിളികൾ അവശേഷിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനങ്ങളും കർമ്മപദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമാണിത്. ദുരന്തമുഖത്തുള്ളവരെ അടിയന്തരമായി രക്ഷപ്പെടുത്തുക, അവർക്കാവശ്യമായ സഹായങ്ങൾ നൽകുക, പുനരധിവസിപ്പിക്കുക തുടങ്ങിയവ നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് (Rescue, Relief and Rehabilitation) ആവശ്യക്കാരന്റെ മുൻപിൽ മിശിഹായുടെ കണ്ണും കാതും കരങ്ങളും കാലുകളും ഹൃദയവുമായി കടന്നുചെന്ന്, അവരെ മനുഷ്യത്വപരമായി സഹായിച്ച് നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുക വിശ്വാസികളുടെ കടമയാണ്. കർത്താവ് ഇന്നു നമ്മോട് ആവശ്യപ്പെടുന്ന സുവിശേഷ പ്രഘോഷണം തന്നെയാണിത് എന്നതിൽ സംശയമില്ല.

കേരള കത്തോലിക്കാ സഭ പങ്കുവയ്ക്കുന്ന ഒരു സമൂഹമെന്ന നിലയിൽ എന്നും എവിടെയും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും തിരികെയെത്തുന്ന നമ്മുടെ സഹോദരങ്ങളെ അനുഭാവപൂർവ്വം സ്വീകരിച്ചുകൊണ്ട് അവർക്ക് അനുകൂലമായ ജീവിത സാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദുരന്തങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന വർത്തമാനകാല സാഹചര്യത്തിൽ ഇവയെ ധൈര്യപൂർവ്വം അതി ജീവിക്കാൻ നമ്മുടെ ജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. ഈ മേഖലകളിലെല്ലാം ഉണർന്നു പ്രവർത്തിക്കുവാൻ സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു.

പരിസ്ഥിതി, കൃഷി,സമ്പത്ത്, വ്യക്തി - കുടുംബ - സാമൂഹിക ബന്ധങ്ങൾ എന്നിവയോടുള്ള സമീപനങ്ങളിൽ ഒരു ആന്തരികപരിവർത്തനത്തിന് നാം വിധേയരാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കു

ന്നു. ആഡംബരങ്ങളെക്കാൾ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി വേണം നാം മുമ്പോട്ടു ചരിക്കുവാൻ. മിതത്വവും ലളിത ജീവിത ശൈലിയും ആഘോഷവേളകളിലും മറ്റു ജീവിത സാഹചര്യങ്ങളിലും നമ്മുടെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സ്വയം പര്യാപ്തമായ കുടുംബ ജീവിതം, സമൂഹ ജീവിതം എന്നിവയായിരിക്കണം നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ പ്രഥമ പരിഗണനകൾ. കോവിഡ് -19 ഏൽപ്പിക്കുന്ന ആഘാതങ്ങളെ അതി ജീവിക്കുന്നതിനായി വരുന്ന മൂന്ന് വർഷത്തേക്ക് നമ്മുടെ കമ്മീഷന്റെ കീഴിലുള്ള കേരളാ സോഷ്യൽ സർവ്വീസ് ഫോറവും, 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും സംയുക്തമായി **കോവിഡ് അതിജീവനം** (Surviving Covid) എന്ന ശീർഷകത്തിൽ തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികൾ കേരള കത്തോലിക്കാ സഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുകയാണ്. സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന കേരള സമൂഹത്തിന് ഒരു നവദർശനവും പരിരക്ഷയും പ്രദാനം ചെയ്യുന്ന കർമ്മപരിപാടികളാണ് നമ്മൾ ആവിഷ്കരിച്ചിരിക്കുന്നത്.

**1. ആരോഗ്യപരിരക്ഷ** : അനുദിനം രോഗഗ്രസ്തമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. വരുമാനത്തിന്റെ മുഖ്യപങ്കും മരുന്നിനും ചികിത്സയ്ക്കുമായിട്ടാണല്ലോ നാം ചെലവിടുന്നത്.ജീവിത ശൈലീ രോഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നമ്മുടെ ഇടയിലാണ്. ക്യാൻസർപോലുള്ള മാരക രോഗങ്ങൾ ദിനം തോറും കൂടിവരുന്നു. ഈ മേഖലയിൽ പ്രധാനമായും നാലു രീതിയിലുള്ള ഇടപെടലുകൾ പ്രയോജന പ്രദമാകുമെന്ന് സഭ ചിന്തിക്കുന്നു.

(എ) ആരോഗ്യ പരിപോഷണ പ്രവർത്തനങ്ങൾ

(ബി) രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

(സി) സൗഖ്യദായകമായ ചികിത്സാസൗകര്യങ്ങൾ

(ഡി) ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ

ഇവയുടെ ഭാഗമായി നമ്മുടെ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങളെ അതേപടി പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നതോടൊപ്പം ഓരോരുത്തരും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്. സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ എല്ലാ കുടുംബാംഗങ്ങളും പങ്കുകാരാകേണ്ടതുമാണ്.

**2. ഭക്ഷ്യസുരക്ഷ** : ഭക്ഷണമായിരിക്കണം നമ്മുടെ മരുന്ന്. നമുക്കനുയോജ്യമല്ലാത്ത ഭക്ഷണ ക്രമമാണല്ലോ പല രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നത്. ഭക്ഷ്യോൽപാദനത്തിൽ ഇനിയും നാം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇനിയെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ. വിഷവിമുക്ത ഭക്ഷണശൈലി നാം അവലംബിക്കേണ്ടത് അത്യാവശ്യമാണ്. നാം എന്തു ഭക്ഷിക്കണമെന്ന് നാം തന്നെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. പരസ്യങ്ങളുടെ പിന്നാലെ പോയി ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കുന്ന ശൈലി വർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒപ്പം രോഗ പ്രതിരോധ ശക്തി പ്രദാനം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കൂടുതലായി നമ്മുടെ ഭക്ഷണ ക്രമത്തിൽ ഉൾപ്പെടുത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യത്തിൽ ഒരു മിതത്വം നാം പാലിക്കേണ്ടതുമുണ്ട്. ഭക്ഷ്യ സുരക്ഷാപ്രവർത്തനങ്ങളും ഇതോടൊപ്പം നാം ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. അങ്ങനെ ഒരു പുതിയ ഭക്ഷ്യസാക്ഷരത പിൻതുടരുവാൻ കേരളസമൂഹം കാലവിളംബം വരുത്തിക്കൂടാ.

**3. കാർഷിക സംസ്കൃതി** : കൃഷിയായിരുന്നല്ലോ നമ്മുടെ പ്രധാന സംസ്കാരം. നമ്മുടെ ഇളം തലമുറയെ കൃഷിയിലേക്കാകർഷിക്കുവാൻ നമ്മുക്ക് സാധിക്കണം. കാർഷികവൃത്തിയിൽ ക്രൈസ്തവർ മുൻപന്തിയിലാണെങ്കിലും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിൽ നാം പിൻപന്തിയിലാണ്. ഇവിടെയും ഒരുക്രിയാത്മകമാറ്റം അനിവാര്യമാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാന വർദ്ധനവിനും സഹായകരമാകുന്നു. ഏകവിള സമ്പ്രദായത്തിനു പകരം ബഹുവിളയും, സമ്മിശ്രക്കൃഷി രീതിയുമാണ് നാം എറ്റെടുക്കേണ്ടത്. നമ്മുടെ എല്ലാം കുടുംബങ്ങളിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതാണ്. പാരമ്പര്യമായി നമുക്കുള്ള കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തിനങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സാധിക്കും. പ്രകൃതിദത്ത കൃഷിരീതിയും ജൈവകൃഷിരീതിയും ആയിരിക്കണം നാം അവലംബിക്കേണ്ടത്. അതുവഴി നമ്മുടെ ആവാസവ്യവസ്ഥയെയും മണ്ണിനെയും നമുക്ക് സംരക്ഷിക്കാനാവും. വിപണനമേഖലയിലും വിലസ്ഥിരത ഉറപ്പാക്കുന്ന നവസംരംഭങ്ങൾ ആരംഭിക്കേണ്ടത് ഇന്നത്തെ വലിയ ആവശ്യമാണ്.

**4. പരിസ്ഥിതി സംരക്ഷണം:** ഫ്രാൻസിസ് മാർപാപ്പായുടെ ലൗദാതോസി (Laudatho Si) എന്ന ചാക്രിക ലേഖനം ഭൂമിയെ ഒരു പൊതുഭവനമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ശുദ്ധമായ വായു, വെള്ളം, മണ്ണ്, ആവാസവ്യവസ്ഥ മുതലായവയെല്ലാം സമസ്ത ജീവജാലങ്ങളുടെയും അവകാശമാണണെന്ന് മാർപാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വലിച്ചെറിയൽ സംസ്ക്കാരത്തിൽ അറുതിവരുത്തേണ്ടത്തിന്റെ ആവശ്യകത മാർപാപ്പാ നമ്മെ വ്യക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലുള്ള മലിനീകരണത്തിനും നമ്മൾ അറുതി വരുത്തേണ്ടതാണ്. ജലസംക്ഷണപ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ കഴിയണം. ഉറവിടങ്ങളിലെ മാലിന്യസംസ്ക്കരണം ജിവിതശൈലിയാക്കണം. കൃഷിയിടങ്ങളിലും അല്ലാതെയുള്ള വനവൽക്കരണം പ്രോൽസാഹിപ്പിക്കണം. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം.പ്രകൃതിവിഭവങ്ങളുടെ നീതിപ്പൂർവ്വകമായ ഉപയോഗം ഉറപ്പുവരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളോടുക്കൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നാമൊരുമിച്ച് യത്നിക്കണം.

**5. സാമ്പത്തികഭദ്രത :** മറ്റേതു മേഖലയും പോലെതന്നെ കോവിഡ്-19 സാമ്പത്തിക മേഖലയിലും കനത്ത പ്രഹരമാണ് എൽപ്പിച്ചിരിക്കുന്നത്. മുൻഗണനാക്രമങ്ങളിൽ ആവശ്യങ്ങളെ ക്രമീകരിച്ച് മിതവ്യയം അഭ്യസിച്ച് സാമ്പാദ്യശീലം വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് പിടിച്ചു നിൽക്കുവാനാവൂ. എല്ലാത്തരം ധൂർത്തും ആഡംബരങ്ങളും നമ്മൾ ഒഴിവാക്കാൻ ശ്രമിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കലാണ് ഈ സാക്ഷരതയുടെ മുഖ്യപ്രമേയം. സർക്കാർ ആനുകൂല്യങ്ങൾ വേണ്ടവിധം പഠിച്ച് മനസിലാക്കി പ്രയോജനപ്പെടുത്തുന്നതിൽ നാം ഇനിയും മടിച്ച്നിൽക്കരുത്. വരുമാനദായകമല്ലാത്ത എല്ലാ നിക്ഷേപങ്ങളും സാമ്പത്തികമേഖലയിലുള്ള നമ്മുടെ ആഘാതം വർദ്ധിപ്പിക്കുകയേയുള്ളൂ. പാവങ്ങളോട് പക്ഷം ചേർന്ന് ജീവിക്കുന്നതിനായി ജാതി, മത, വർഗ്ഗ വർണ്ണഭേദമേന്യേ പങ്കുവയ്ക്കുന്ന ജീവിതശൈലി നമുക്കവലംബിക്കാം. അങ്ങനെ നമ്മുടെ സാമ്പത്തിക മേഖലയ്ക്ക് നമ്മളാലാവുംവിധം പുതുജീവൻ പകരുന്നതിന് ഇടയാകട്ടെ.

പ്രകൃതിദത്ത ദുരന്തങ്ങളെ നമുക്ക് അഭിമുഖീകരിക്കാതിരിക്കുവാൻ കഴിയില്ല. എന്നാൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾക്ക് അറുതി വരുത്താൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതാണ്. പല ദുരന്തങ്ങളും മനുഷ്യനിർമ്മിതമാണെന്ന തിരിച്ചറിവ് നമ്മുക്കുണ്ടാകണം. അതുകൊണ്ട്തന്നെ നമ്മുടെ സമൂഹത്തെ ശരിയായി ബോധവൽക്കരിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും നാം സജ്ജമാകേണ്ടിയിരിക്കുന്നു.

കേരള കത്തോലിക്കസഭയുടെ സാമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷൻ ഈ നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ കൂടുതൽ പഠനവിശകലനത്തിനു വിധയമാക്കി അനുയോജ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രകൃതിയേയും ജീവജാലങ്ങളെയും മനുഷ്യനെയും സംരക്ഷിക്കേണ്ടതിന് അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ബിഷപ് മാർ ജോസ് പുളിക്കൽ**

ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മിഷൻ

**ആർച്ച് ബിഷപ് ജോസഫ്** കളത്തിപറമ്പിൽ

വൈസ് ചെയർമാൻ, കെസിബിസി, ജെ.പി.ഡി. കമ്മിഷൻ

**ബിഷപ് തോമസ് മാർ എവുസേബിയുസ്**

വൈസ് ചെയർമാൻ, കെസിബിസി, ജെ.പി.ഡി. കമ്മിഷൻ

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം

# രൂപതാകാര്യാലയം

**1) Pope's Monthly Intention for August 2020**

**"കടലിൽ ജോലി ചെയ്യുന്ന എല്ലാവർക്കും, കടലിനെ ആശ്രയിക്കുന്നവർക്കും, നാവികർക്കും, മൽസ്യതൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്ക് വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം".**

*അഭിവന്ദ്യ ലോറൻസ് പിതാവിന് മെത്രാഭിഷേകത്തിന്റെയും നാമഹേതുക തിരുന്നാളിന്റെയും ജന്മദിനത്തിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു!*

**ആഗസ്റ്റ് 4 ന് വി. വിയാനിപുണ്യവാളന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. നമ്മുടെ രൂപതാ സ്ഥാപന ദിനം! രൂപതയ്ക്ക് വേണ്ടിയും, എല്ലാ രൂപതാ വൈദീകർക്കുവേണ്ടിയും പ്രാർത്ഥിക്കാം!**

**2) ഓർമ്മിക്കേണ്ട ദിവസങ്ങൾ**

1. കൈത്താ രണ്ടാം ശനി **വി. അൽഫോൻസ് ലിഗോരി**
2. കൈത്താ മൂന്നാം ഞായർ
4. കൈത്താ മൂന്നാം ചൊവ്വ **വി. ജോൺ മരിയ വിയാനി**
6. കൈത്താ മൂന്നാം വ്യാഴം **കർത്താവിന്റെ രൂപാന്തരീകരണം**
8. കൈത്താ മൂന്നാം ശനി **വി. ഡോമിനിക്**
11. കൈത്താ നാലം ചൊവ്വ **വി. ക്ലാര (11 ഞായർ)**
14. കൈത്താ നാലം വെള്ളി **വി. മാക്സിമില്യൻ കോൾബേ**
15. കൈത്താനാലം ശനി **പ. മറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സാതന്ത്ര്യ ദിനം**
21. കൈത്താ അഞ്ചാം വെള്ളി **വി. പത്താംപീയൂസ് മാർപാപ്പ**
24. കൈത്ത ആറാം തിങ്കൾ **വി. ബർത്തലോമിയ ശ്ലീഹാ**
28. കൈത്താ ആറാം വെള്ളി **വി. അഗസ്റ്റിൻ**
29. കൈത്താ ആറാം ശനി **വി. എവുപ്രാസ്യ**
30. കൈത്താ ഏഴാം ഞായർ

## 3) Let us pray for Rev., Priests :

**Birth day**

| | |
|---|---|
| **Rev. Fr. Mathew Thazhekattil** | **- 01** |
| **Rev. Fr. Thomas Kallikat** | **- 07** |
| **Rev. Fr. Thomas Kannamkal** | **- 08** |
| **Rev. Fr. Sebastian Chelackappally** | **- 18** |
| **Rev. Fr. Lawrence Poonolil** | **- 20** |

**Feast Day**

| | |
|---|---|
| **Rev. Fr. Lawrence Poonolil** | **- 10** |
| **Rev. Fr. Rocky Menacherry** | **- 17** |
| **Rev. Fr. Augustine Pottamkulangara** | **- 28** |

## 4) Appointment

**Rev. Dr. Kuriakose Vettuvazhy**- KSMCA- Diocesan Director (Additional Charge)

## 5) ഫൊറോന സമ്മേളനം:

അഭി. പിതാവിന്റെ നേതൃത്വത്തിൽ ഉദന, കുട്ട്രുപ്പാടി ഫൊറോന കളിലെ വൈദികരെല്ലാവരും 2020 ജൂലൈ 6-ാം തീയ്യതി ഉദനയിലും, ബെൽത്തംങ്ങാടി മംഗലാപുരം ഫൊറോനകളിലെ ബഹു. വൈദികർ ജൂലൈ 9-ാം തീയ്യതി ബിഷപ്പ്സ് ഹൗസിലും, തോട്ടത്താടി, ധർമ്മസ്ഥല ഫൊറോനകളിലെ ബഹു. വൈദികരെല്ലാവരും 2020 ജൂലൈ 13-ാം തീയ്യതി തോട്ടത്താടിയിലും ഒന്നിച്ച് കൂടുകയുണ്ടായി. കോവിഡ്-19ന്റെ ആശങ്കകളും, പരിമിതികളും ഉണ്ടായിരുന്ന കാലഘട്ടത്തിൽ എങ്ങനെ യാണ് വൈദീകർ അജപാലന ശുശ്രൂഷകൾ നടത്തിയത് എന്ന് പങ്ക്വെച്ചു. കോവിഡ്-19 കാലഘട്ടത്തിൽ രോഗം വർദ്ധിച്ച്വരുന്നതിന്റെ ഭീതിയിലും ആശങ്കയിലും ജനങ്ങളെ വിശ്വാസത്തിലും, കൂട്ടായ്മയിലും എങ്ങനെയാണ് വളർത്തേണ്ടത് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**6) കോവിഡ്-19 വിടുതൽ പ്രാർത്ഥനാ യജ്ഞം;**

2020 ജൂലൈ 19 മുതൽ 28 വരെ നമ്മുടെ രൂപതയിൽ കോവിഡ്-19 വിടുതലിനുവേണ്ടി പ്രത്യേകമായ പ്രാർത്ഥനാ യജ്ഞം നടത്തപ്പെട്ടു. ബഹുമാനപ്പെട്ട അച്ചൻമാർ സ്ഥിരതാമസമുള്ള എല്ലാ പള്ളികളിലും എല്ലാ ദിവസവും വിശുദ്ധ കുർബാനയ്ക്ക് മുമ്പോ അതിനു ശേഷമോ പരിശുദ്ധ  കുർബാനയുടെ ആരാധന നടത്തുകയും കോവിഡ് രോഗ നിവാരണത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. ജൂലൈ 24 വെള്ളിയാഴ്ച്ച രൂപതമുഴുവനായും ഉപവാസമെടുത്ത് പ്രാർത്ഥിച്ചു. അഭി. പിതാവിന്റെ നേതൃത്വത്തിൽ ജൂലൈ 28ന് വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് രാവിലെ കത്തീഡ്രൽ പള്ളിയിൽ ആഘോഷമായ ദിവ്യബലിയും നൊവേനയും നടത്തപ്പെട്ടു, അന്നുതന്നെ  രാത്രി 7.30 മുതൽ 8.00 വരെ വിശുദ്ധ കുർബാനയുടെ ആരാധന നടത്തുകയും പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം രൂപതാ ജനങ്ങൾക്ക് മുഴുവനുമായി നൽകുകയും ചെയ്തു.

**Fr. Lawrence Poonolil**
Chancellor

.

# സാൻ തോമ് ഗുരുമന്ദിര
# മൈനർ സെമിനാരി വാർത്തകൾ

## പുതിയ അദ്ധ്യയന വർഷം

മൈനർ സെമിനാരി സാൻ തോമ് ഗുരുമന്ദിര - പുതിയ അദ്ധ്യയന വർഷം ജൂൺ മാസം 15-ാം തീയ്യതി ആരംഭിച്ചു.

## MINOR SEMINARY BROTHERS: 2020-21

**3rd Year Brothers**

1. Bro. Chennakattukunnel Emmanuel - Kervase Parish
2. Bro. Valookaran Paulose - Thotathady Parish
3. Bro. Varangalakudy Paul - Kalenja Parish

**2nd Year Brothers**

4. Bro. Kolamkuzhiyil Mathew – Belthangady Parish
5. Bro. Odampallil Johnson – Dharmasthala Parish
6. Bro. Panayolil Dominic – Shirlal Parish
7. Bro. Poovathingal Paul – Kalenja Parish
8. Bro. Pullatt Joseph – Maddiody Parish

## MAJOR SEMINAY BROTHERS: 2020-21

1. Bro. Arayandiyil Emmanuel - Higher Study, Rome

**3rd Year Theology**

2. Bro. Kolakunnel Varghese - Kunnoth Seminary
3. Bro. Manapattu Mathew - Mangalore Seminary
4. Bro. Thadathanayil William - Aluva Seminary
5. Bro. Valiaparambil Joseph - Aluva Seminary

**2nd Year Theology**

6. Bro. Thurackal Joseph - Kottayam Seminary
7. Bro. Kizhakethazhe Joseph - Kunnoth Seminary

**2nd Year Philosophy**

8. Bro. Kuttickal Emmanuel - Kottayam Seminary

9. Bro. Kollannur Anto - Kottayam Seminary
10. Bro. Menacherry Sebastian - Kunnoth Seminary
11. Bro. Puthettupadavil Kuriakose - Kunnoth Seminary
12. Bro. Vadakkemulanjinal Joseph - Aluva Seminary

**1st Year Philosophy**

13. Bro. Kalathukulangara Thomas – Kunnoth Seminary
14. Bro. Thekkekoot Joseph - Aluva Seminary
15. Bro. Kanjiravila Philip - Aluva Seminary
16. Bro. Pottakkatt Antony – Kottayam Seminary

## കാറോയ, ഹെവുപ്പദ്യാക്ക്ന പട്ടം

ജൂലൈ 14-ാം തീയ്യതി മേജർ, മൈനർ സെമിനാരിക്കാർ പുത്തൂർ മൈനർ സെമിനാരിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥനയ്ക്കും ധ്യാനത്തിനും ശേഷം 15-ാം തിയ്യതി രാവിലെ 7 മണിക്ക് അർപ്പിക്കപ്പെട്ട ദിവ്യബലിമദ്ധ്യേ അഭിവന്ദ്യ മാർ ലോറൻസ് പിതാവിൽനിന്നും ബ്രദേർസ് - Kolakunnel Varghese, Manapattu Mathew, Thadathanayil William, Valiaparambil Joseph എന്നിവർ ബെൽത്തംഗഡി രൂപതയ്ക്കുവേണ്ടിയും ബ്രദർ Joseph Madapanthottukunnel - തലശ്ശേരി അതിരൂപതയ്ക്കുവേണ്ടിയും ഹെവുപ്പദ്യാക്ക്ന പട്ടം സ്വീകരിച്ചു.






പട്ടത്തിനു ശേഷം അഭിവന്ദ്യ മാർ ലോറൻസ് പിതാവ് മേജർ സെമിനാരിയിലെ എല്ലാ ബ്രദേർസിനെയും പൊതുവായും വ്യക്തിപരമായും കണ്ട് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി. പിതാവിന് പ്രത്യേകം നന്ദി.

18-൧൦ തീയ്യതി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിൽനിന്നും തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് ബ്രദർ Thurackal Joseph ബെൽത്തംഗഡി രൂപതയ്ക്കുവേണ്ടി കാറോയ പട്ടം സ്വീകരിച്ചു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനെ നന്ദിയോടെ ഓർക്കുന്നു,

ഫാ. സണ്ണി ആലപ്പാട്ട്
റെക്ടർ, മൈനർ സെമിനാരി
സാൻ തോമ് ഗുറുമന്ദിറ, പുത്തൂർ

## മതബോധന രംഗം

മാതാവിന്റ സ്വർഗ്ഗാരോപണവും, ഭാരതത്തിന്റ സ്വാതന്ത്ര്യ ദിനവും നമ്മൾ ഓഗസ്റ്റ് മാസത്തിൽ ആഘോഷിക്കുകയാണല്ലോ. എല്ലാവർക്കും മാതാവിന്റ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും, ഭാരത സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. മാതാവിന്റ മാധ്യസ്ഥത്താൽ നമ്മുടെ നാടിനെ സംരക്ഷിച്ച്, ഇതിൽ വസിക്കുന്ന എല്ലാവരും സ്വാതന്ത്ര്യത്തോടും, ഐക്യത്തോടുംകൂടി ജീവിച്ച് കർത്താവിന് സാക്ഷ്യം വഹിക്കാനുള്ള കൃപ നല്കണമേ എന്ന് പ്രാർഥിക്കാം.

ജുലൈ 3ന് ദുക്റാന തിരുനാൾ അഘോഷിച്ചു. ലോക്ഡൗണിനു ശേഷം അദ്യമായി ദേവാലയത്തിൽ ചെന്ന് ബലി അർപ്പിക്കുവാൻ ലഭിച്ച അവസരം മിക്കവാറും കുട്ടികൾ ഉപയോകപ്പെടുത്തി.

### കുടുംബ വിശ്വാസ പരിശീലനം

വേദപാഠ ക്ലാസ്സുകൾ നന്നായി നടക്കുന്നു. മതബോധന കേന്ദ്രത്തിൽനിന്ന് ഓരോ ഞായറാഴ്ചകളിലും എടുക്കേണ്ട ക്ലാസ്സുകൾ അയച്ചുകൊടുക്കുന്നുണ്ട്. പഠനസഹായി കന്നഡയിലും, വീഡിയോ ക്ലാസ്സുകൾ കന്നഡയിലും മലയാളത്തിലും ലഭ്യമാക്കുന്നുണ്ട്. നമ്മുടെ രുപതയിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും അധ്യാപകരുമാണ് കന്നഡയിൽ ക്ലാസ് എടുക്കുന്നത്. ഈ ക്ലാസ്സുകൾ എടുക്കുവാൻ സന്മനസ്സു കാന്നിക്കുന്ന എല്ലാവർക്കും നന്ദി. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്ന്.

ജുലൈ 20 ഞായറാഴ്ചമുതൽ നാലാം പാഠമാന്ന് ആരംഭിച്ചിരിക്കുന്നത്. എതെങ്കിലും ഇടവകയിൽ ആദ്യത്തെ മുന്ന് പാഠങ്ങൾ തീർത്തിട്ടില്ലെങ്കിൽ ഇനി മുമ്പോട്ട് ആഴ്ചയിൽ ഒരു പാഠംവീതം എടുത്ത് തീർത്തുകൊണ്ട് എല്ലാവരോടുമൊപ്പം എത്തുവാൻ പരിശ്രമിക്കുമല്ലോ. മുടങ്ങാതെ ക്ലാസ്സുകൾ നടത്താൻ കുടുംബങ്ങളെ സഹായിക്കുവാൻവേണ്ട നടപടികൾ എടുക്കണമെന്ന് അഭ്യർഥിക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മാരും അധ്യാപകരും തരുന്ന സഹകരണത്തിനു നന്ദി.

10, 12 ക്ലാസ്സുകളുടെ മാർക്ക് ലിസ്റ്റും അധ്യാപകരുടെ പേരുവിവരങ്ങളും ഇനിയും തരാത്തവർ ഓഗസ്റ്റ് 10 നു മുമ്പായി വാട്ട്സ് ആപ്പ് മുഖേനയോ ഇ മെയിൽ വഴിയോ പോസ്റ്റിലൂടെയോ എത്തിച്ചുതരേണ്ടതാണ്.

ക്ലാസ്സ് ടീച്ചേഴ്സ് തങ്ങളുടെ കുട്ടികൾ ഭവനങ്ങളിലിരുന്ന് ചെയ്യുന്ന ഹോംവർക്ക് പരിശോധിച്ച് തങ്ങളുടെ നോട്ടുബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എല്ലാ ആഴ്ചയിലും കുട്ടികളുമായി ബന്ധപ്പെടുകയും അവർ പഠിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. ക്ലാസ്സ് അടിസ്ഥാനത്തിൽ വാട്സ് ആപ്പ് ഗ്രൂപ്പുകൾ ഇല്ലാത്തിടത്ത് ഉടനെ ഗ്രൂപ്പുകൾ ഉണ്ടാക്കണം. രൂപതയിൽനിന്ന് തരുന്ന പഠനസഹായിയും വീഡിയോ ക്ലാസ്സുകളും കുട്ടികൾക്ക് കൃത്യമായി എത്തിച്ചുകൊടുക്കണം.

### പ്രാർത്ഥനാ യജ്ഞം

കോവിഡ് - 19 എന്ന മഹാമാരി വ്യാപകമായി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കർത്താവിന്റെ കരുണക്കുവേണ്ടി യാചിക്കുക എന്നുള്ളത് വിശ്വാസികളായ നമ്മുടെ കടമയാണ്. രൂപതയിൽനിന്നും ഒമ്പതു ദിവസത്തെ പ്രാർത്ഥനായജ്ഞം നടത്തുവാൻ ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ അദ്ധ്യാപകരും കുട്ടികളും ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുത്തു. ജൂലൈ 19 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ ഉപവസിച്ചും, നോമ്പു നോക്കിയും പ്രത്യേകം പ്രാർത്ഥിച്ചു. 28 ാം തിയതി അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടന്ന ആരാധനയിൽ വീട്ടിലിരുന്നു ഓൺലൈനിൽ പങ്കെടുത്തു ആശീർവാതം സ്വീകരിച്ചു.

### സുറിയാനി ക്ലാസ്സുകൾ

സുറിയാനി ക്ലാസ്സുകൾ നന്നായി നടക്കുന്നു. മുപ്പതു പേർ സുറിയാനി അക്ഷരം പഠിച്ചു കഴിഞ്ഞു. സുറിയാനി പഠിക്കുവാൻ താൽപാര്യം കാണിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ. ഇപ്പോൾ സ്വരങ്ങളും വ്യംജനങ്ങളും പഠിച്ചുകൊണ്ടിരികുകയാണ്.

## ചെറുപുഷ്പ മിഷൻലീഗ്

### പ്രവർത്തന വർഷം ഉദ്ഘാടനം

ലോക്ഡൗൺ ആയതുകൊണ്ട് ജൂലൈ 5 നു ഞായറാഴ്ച കുട്ടികൾ തങ്ങളുടെ ഭവനങ്ങളിൽത്തന്നെ ഉദ്ഘാടനം നടത്തി. രാവിലെ 10 മണിക്ക് അവർ തങ്ങളുടെ മാതാപിതാക്കളോടൊപ്പം രൂപക്കൂടിന്റെ മുമ്പിൽ തിരികൾ തെളിച്ച് അനുദിന പ്രാർത്ഥന ചൊല്ലി മിഷൻ ആന്തം ആലപിച്ചുകൊണ്ട് മിഷൻലീഗിന്റെ 2020-21 പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു.

ജൂലൈ 5 മുതൽ സി.എം.എൽ. കുട്ടികൾ ഒരു ദിവസം ഒരു നന്മ പ്രവർത്തി (മാതാപിതാക്കളെ സഹായിക്കുക, നല്ലതുമാത്രം സംസാരിക്കുക, സഹോദരങ്ങളോട് വഴക്കിടാതിരിക്കുക, മറ്റുള്ളവരെ സഹായിക്കുക, പ്രത്യേക നിയോകത്തിനുവേണ്ടി വ്യക്തിപരമായി പ്രാർത്ഥിക്കുക...) ചെയ്ത് കോവിഡ് മഹാമാരിയിൽനിന്നും വിടുതലിനയി കാഴ്ച വയ്ക്കുന്നു. ഇത് എല്ലാ മാസവും തുടർന്നുകൊണ്ടുപോകേണ്ടതാണ്.

ജൂലൈ മാസത്തിൽ വി. തോമാശ്ലീഹായെക്കുറിച്ചും, വി. അൽഫോൻസാമ്മയെക്കുറിച്ചും ഉപന്യാസ മൽസരവും പ്രസംഗ മൽസരവും നടത്തി. ആദ്യം ഇടവകാ തലത്തിലും പിന്നീട് ഫൊറോനാ തലത്തിലും നട്ത്തി അവിടെനിന്നും നല്ല അഞ്ചെണ്ണംവീതം രൂപതയിലേക്ക് അയച്ചുതരികയായിരുന്നു. ഈ മൽസരത്തിൽ പങ്കെടുത്ത എല്ലാലർക്കും അഭിനന്ദനങ്ങൾ. വേണ്ട ക്രമീകരണങ്ങൾ നടത്തിയ അധ്യാപകർക്കും സഹകരിച്ച മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

### ഓഗസ്റ്റ് മാസത്തിൽ ചെയ്യേണ്ടത്

സങ്കീർത്തനം പഠിക്കുക. എല്ലാ കുട്ടികളും ഈ അഞ്ച് സങ്കീർത്തനങ്ങൾ പഠിക്കേണ്ടതാണ്. സങ്കീർത്തനം 23, 34, 51, 91, 150. ഈ സങ്കീർത്തനങ്ങൾ പഠിച്ച് മാതാപിതാക്കളെ ചൊല്ലിക്കേൾപ്പിക്കുക.

## തിരുബാലസഖ്യം

ജുലൈ 5 ാം തിയതി മുതൽ തിരുബാലസഖ്യം കുട്ടികൾ അവരുടെ പ്രവർത്തനം അരംഭിച്ചു. ഭവനങ്ങളിൽ ആയിരുന്നു അവരുടെ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടത്. തിരുബാലസഖ്യം കുട്ടികൾ എല്ലാ ദിവസവും ഒരു നൻമ പ്രവർത്തി ചെയ്തുകൊണ്ട് അത് ഈശോയ്ക്ക് കാഴ്ച്ചവച്ചുകൊണ്ട് തങ്ങളുടെ കുടുംബത്തിൽ ഉള്ളവർക്കുവേണ്ടി പ്രർത്ഥിച്ചു.

ഓഗസ്റ്റ് മാസത്തിൽ തിരുബാലസഖ്യം കുട്ടികൾ എല്ലാ ദിവസവും ഒരു നന്മ പ്രവർത്തി ചെയ്ത് മാതാവിനു കാഴ്ച്ചവച്ചു തിരുബാലസഖ്യത്തിനുവേണ്ടിയും നമ്മുടെ മാതൃരാജ്യത്തിനുവേണ്ടിയും പ്രാർഥിക്കണം.

ജുലൈ മാസത്തിലെ ടാസ്ക് എല്ലാവരും നന്നായി ചെയ്തു എന്നു വിശ്വസിക്കുന്നു. വി. അൽഫോൻസാമമ അഥവാ വി. തോമ്മാശ്ലിഹാ ഇവരുടെ 15 സെക്കന്റിന്റെ ഫാൻസി ഡ്രെസ്സ് വീഡിയോ മൽസരമായിരുന്നു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഓഗസ്റ്റ് മാസത്തിൽ ചെയ്യേണ്ടത്:**

ഒന്നും രണ്ടും ക്ലാസ്സിലെ കുട്ടികൾ - കുരിശു വരക്കാൻ പഠിക്കുക. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ... നന്മ നിറഞ്ഞ മറിയമേ ... ഈ പ്രാർത്ഥനകൾ പഠിച്ച് മാതാപിതാക്കളെ ചൊല്ലിക്കേൾപ്പിക്കുക.

മൂന്നും നാലും ക്ലാസ്സിലെ കുട്ടികൾ ദൈവത്തിന്റെ പത്ത് കൽപനകളും തിരുസഭയുടെ അഞ്ച് കൽപ്പനകളും പഠിച്ച് മാതാപിതാക്കളെ ചൊല്ലിക്കേൾപ്പിക്കുക.

എല്ലാവർക്കും ഒരിക്കൽകൂടി മാതാവിന്റ സ്വർഗ്ഗാരോപണത്തിരുനാളിന്റയും, ഭാരത സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ജോസഫ് മറ്റം**
ഡയറക്റ്റർ
വിശ്വാസപരിശീലന കേന്ദ്രം, ബെൽത്തംഗടി

# ഫാമിലി അപ്പസ്തോലേറ്റ്

൧. **ബൈബിൾ ക്വിസ് :**

ദൈവവചനം ആഴത്തിൽ മനസ്സിലാക്കുവാൻവേണ്ടി ബൈബിൾ ക്വിസ് വി. ലൂക്കാ തുടർന്ന് വി. യോഹന്നാൻ എഴുതിയ സുവിശേഷം മൂന്ന് അദ്ധ്യായങ്ങൾ വീതം ക്വിസ് മത്സരമായി നടത്തപ്പെട്ടു.

**ബൈബിൾ ക്വിസ് : 21** വി. ലൂക്കാ 12,13,14 അദ്ധ്യായങ്ങൾ

Winners:

1. Susamma Kuthiravattathil Nellyady
2. Molly Thomas Chamakala Belthangady
3. Jeena Kozhikkadan Mundaje
4. Alice Kurian Nettana

**ബൈബിൾ ക്വിസ് : 22** വി. ലൂക്കാ 15,16,17 അദ്ധ്യായങ്ങൾ

Winners:

1. Sebastian N.M Shirady
2. Sherly Myalil Udane
3. Elsy Arla
4. Shainy K.J Puttur

**ബൈബിൾ ക്വിസ് : 23** വി. ലൂക്കാ 18,19,20 അദ്ധ്യായങ്ങൾ

Winners:

1. Joy Myalil Udane
2. Sonia Kanchal
3. Lissy Jaimon Katippalla
4. Jittumol Arla

**ബൈബിൾ ക്വിസ് : 24** വി. ലൂക്കാ 21,22,23 അദ്ധ്യായങ്ങൾ

Winners:

1. Prakash Antony Mundaje
2. Solly Francis Moorje
3. Anusha Anish Kalenja
4. Joy Kuriakose Katippalla

Special Prize: Chrtsteena B.T (1Xth ) Puttur

**ബൈബിൾ ക്വിസ് : 25** വി. ലൂക്കാ 24, വി, യോഹന്നാൻ എഴുതിയ സുവിശേഷം ആമുഖം, 1 അദ്ധ്യായങ്ങൾ

Winners:

1. Johny Myalil Udane
2. Simi Saji Ajekar
3. Smitha Manimalatharaphil Gonikoppalu
4. Bindhu Roy Murikal Katippalla

**ബൈബിൾ ക്വിസ് : 26** വി, യോഹന്നാൻ എഴുതിയ സുവിശേഷം 2,3,4 അദ്ധ്യായങ്ങൾ

Winners:

1. Nisha Augustine Vadayatt Nellyady
2. Mini Mattappallil Thotathady
3. Annamma Sebastian Nellamkuzhy Shirady
4. Seena Sji Vazhaootam Nettana

**ബൈബിൾ ക്വിസ് : 27** വി, യോഹന്നാൻ എഴുതിയ സുവിശേഷം 5,6,7 അദ്ധ്യായങ്ങൾ

Winners:

1. Prajwal Vallooran Thotathady
2. Leena John Ettiyil Hebri
3. Bindu Saji Mundaje
4. P.M Mathew Katippalla

**ബൈബിൾ ക്വിസ് : 28** വി, യോഹന്നാൻ എഴുതിയ സുവിശേഷം 8,9,10 അദ്ധ്യായങ്ങൾ

Winners:

1. Shobha Baby Attupuram Addahole
2. Leena Thottupuram Kalmakki
3. Bincy Shibu Mattathil Hebri
4. Thresia Joseph Kanjamala Jadkal

**ബൈബിൾ ക്വിസ് : 29** വി, യോഹന്നാൻ എഴുതിയ സുവിശേഷം 11,12,13 അദ്ധ്യായങ്ങൾ

Winners:

1. Biju Mattappallil Thotathady
2. Sindhu Boby Katippalla
3. Jessy Antony Mundaje
4. Bindu Reji Ajekar

**ബൈബിൾ ക്വിസ് : 30** വി, യോഹന്നാൻ എഴുതിയ സുവിശേഷം 14,15,16 അദ്ധ്യായങ്ങൾ കോവിഡ്

Winners:

1. Jineesh Gandibagilu
2. Jayamma Varghese Kankanady
3. Jesina Arun Nadiyapalakyal Shirady
4. Bindu Joy Menacheril Gandibagilu

**ബൈബിൾ ക്വിസ് : 30** വി, യോഹന്നാൻ എഴുതിയ സുവിശേഷം 17,18,19 അദ്ധ്യായങ്ങൾ

Winners:

1. Thomas Vattakarott Padavu
2. Philo Thattarakunnel Bangady
3. Smitha Thomas Nellyady
4. Agnes Xevior Gonikoppalu

**Fr.Thomas Puthiyara**
Director, Family Apostolate

# യൂത്ത് അപ്പസ്തോലേറ്റ്

**1. ദി ഫെയ്ത്ത്** : യുവജനങ്ങളുടെ വിശ്വാസപരിശീലന തുടർ പരിപാടിയുടെ ഭാഗമായി The Faith (A Journey to Christ) എന്ന പേരിൽ യൂക്കാറ്റ് പഠനപരംമ്പര ആരംഭിക്കുകയാണ്. ഇതിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും ബഹു. വൈദികരും, സിസ്റ്റേഴ്സും, ആനിമേറ്റേഴ്സും, നൽകുമല്ലോ.

Youcat ലെ 527 ചോദ്യോത്തരങ്ങൾ അത് വീഡിയോ ആയിട്ട് Youtube ലൂടെ പ്രസിദ്ധീകരിക്കുന്നതാണ്.

**നിബന്ധനകൾ**

1. രൂപതയിൽ നിന്നും അയച്ചുതരുന്ന ചോദ്യോത്തരങ്ങൾ മനഃപാഠമാക്കി വീഡിയോ റെക്കോർഡ് ചെയ്യുക.
2. ചോദ്യം ഒരാൾ ചോദിക്കുകയും ഉത്തരം മറ്റൊരാൾ നൽകുകയും ചെയ്യുക.
3. വീഡിയോ റെക്കോർഡിംഗ് ചെയ്യുമ്പോൾ സൗണ്ട്, വീഡിയോ ക്ലാരിറ്റി എഡിറ്റിംഗ് എന്നിവ ശ്രദ്ധിക്കുമല്ലോ. എഡിറ്റിംഗ് അറിയാവുന്നവർ അതാത് ഇടവകയിൽ നിന്ന് ചെയ്തു തരിക. അതിനുള്ള ഫോർമാറ്റ് രൂപതയിൽ നിന്ന് അയച്ചുതരുന്നതായിരിക്കും.

**Fr. Thomas Puthiyara**
Director, Youth Apostolate

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 80 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳು, 30 ಸೋಂಕಿತ ಮಕ್ಕಳು ಹಾಗೂ 60 ಭಾದಿತ ಮಕ್ಕಳಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕಾರ್ಯವನ್ನು ಮಾಡುತ್ತಿದೆ.

ಕೋವಿಡ್–19 ಸಂಬಂದಿ ಹೆಚ್.ಐ.ವಿ ಸೋಂಕಿತರ ಮಾಸಿಕ ಸಭೆಗಳನ್ನು ನಡೆಸಲು ಸಾಧ್ಯವಾಗದ ಕಾರಣ ಪ್ರತೀ ಅರ್ಥಿಗಳಿಗೆ ಫೋನ್ ಕರೆ ಮೂಲಕ ಅರೋಗ್ಯ ವಿಚಾರಿಸಲಾಗಿದೆ ಹಾಗೂ ಏಆರ್‌ಟಿ ಬದ್ದತೆ ಮತ್ತು ಸಿಡಿ4 ಬಗ್ಗೆ ತಿಳಿಸಲಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಈ ಯೋಜನೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ಇವರ ನೇತೃತ್ವದಲ್ಲಿ ಸ್ವ ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಬಿಸಲು ಸಾಲ ಕೊಡುವ ಯೋಜನೆಯಾಗಿದೆ.

ಕೋವಿಡ್–19 ಸಂಬಂದಿ ಸ್ಥಗಿತಗೊಳಿಸಿದ್ದ ಸಾಲ ಮರುಪಾವತಿಯನ್ನು ಜೂನ್ ತಿಂಗಳಿನಿಂದ ಆರಂಬಿಸಿದ್ದು ಹಣವನ್ನು ಕ್ರಾಸ್ ಸಂಸ್ಥೆಗೆ ಕಳುಹಿಸಲಾಗಿದೆ.

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ, ಪುತ್ತೂರು ಮತ್ತು ಕಡಬ ತಾಲೂಕುಗಳ 30 ಆಯ್ದ ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು, 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,326 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘದ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

**ಸಂಘಗಳ ವಾರ್ಷಿಕ ಲೆಕ್ಕಪರಿಶೋದನೆ:**

ದೇವಗಿರಿ, ಗಂಡಿಬಾಗಿಲು, ತೋಟತ್ತಾಡಿ, ಕಾಂಜಾಲ್, ಬೆಳ್ತಂಗಡಿ, ನೆಲ್ಯಾಡಿ, ಶಿರಾಡಿ, ಅಡ್ಡಹೊಳೆ, ಕೊಕ್ಕಡ, ಉದನೆ, ಕುಟ್ರುಪಾಡಿ, ನೆಟ್ಟಣ, ಬಂಗಾಡಿ, ಧರ್ಮಸ್ಥಳ, ಕಾಯರ್ತಡ್ಕ, ಮಿಯ್ಯಾರು ವಲಯದ 60 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳ ಲೆಕ್ಕಪರಿಶೋದನೆ ಮಾಡಲಾಗಿದೆ. ವಾರ್ಷಿಕ ಲಾಭಾಂಶವನ್ನು ಪ್ರತಿ ಸದಸ್ಯರ ಉಳಿತಾಯಕ್ಕೆ ಸೇರ್ಪಡೆ ಮಾಡಲಾಗಿದೆ.

**ಕೋವಿಡ್–19 :ನೆರವು ಕಾರ್ಯಕ್ರಮ:**

ಮಾರಕ ರೋಗದ ಪರಿಣಾಮದಿಂದ ಸಂಕಷ್ಟದಲ್ಲಿರುವ ಜನರ ಸಮಸ್ಯೆಗಳಿಗೆ ಸ್ಪಂಧಿಸುವ ನಿಟ್ಟಿನಲ್ಲಿ ಸಂಸ್ಥೆಯು ಚಿಂತನೆ ನಡೆಸುತ್ತಿದೆ. ಈ ನಿಟ್ಟಿನಲ್ಲಿ ಮಂಗಳೂರಿನ ಸ್ನೇಹ ಸಧನ ಕಾಮಿಲ್ಲಸ್ ಹೌಸ್‌ರವರ ಪ್ರಾಯೋಜಕತ್ವದಲ್ಲಿ ದಿನಾಂಕ 24.07.2020 ರಂದು ಶಿರ್ಲಾಲು ಗ್ರಾಮ ಪಂಚಾಯತ್ ವ್ಯಾಪ್ತಿಯ ಶಿರ್ಲಾಲು ಮತ್ತು ಕರಂಬಾರುವಿನ ಬಡ ಜನರಿಗೆ, ವಿಶೇಷ ಚೇತನರಿಗೆ ಮತ್ತು ಕ್ವಾರೆಂಟಿನ್‌ಗೆ ಒಳಪಟ್ಟವರಿಗೆ ಆಹಾರ ಕಿಟ್‌ಗಳನ್ನು ವಿತರಿಸುವ ಕಾರ್ಯಕ್ರಮವನ್ನು ಶಿರ್ಲಾಲು ಗ್ರಾಮ ಪಂಚಾಯತ್, ಬಟ್ಯಾಲ್‌ಮಾರ್ ಅಂಗನವಾಡಿ ಮತ್ತು ಸೈಂಟ್ ಮೇರಿಸ್ ಚರ್ಚ್ ಶಿರ್ಲಾಲು ಇಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಈ ಸಂಧರ್ಭದಲ್ಲಿ ಶಿರ್ಲಾಲು ಪಂಚಾಯತ್ ಪಿ.ಡಿ.ಓ, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ., ಸೈಂಟ್ ಮೇರಿಸ್ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ। ಫಾ। ಪೀಟರ್, ಚರ್ಚ್‌ನ ಯುವ ಸ್ವಯಂ ಸೇವಕರು, ಆಡಳಿತ ಮಂಡಳಿ ಸದಸ್ಯರು ಹಾಗೂ ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್ ಡಿಸೋಜ ಇವರು ಉಪಸ್ಥಿತರಿದ್ದರು. ಜೊತೆಗೆ ಸಾಮಾಜಿಕ ಅಂತರ ಕಾಪಾಡುವ ಬಗ್ಗೆ ಹಾಗೂ ಮಾಸ್ಕ್‌ಗಳ ಬಳಕೆಯ ಬಗ್ಗೆ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ಮಾಹಿತಿ ನೀಡಿದ್ದಾರೆ.

ಕೋವಿಡ್ ಸಂದರ್ಭದಲ್ಲಿ ಮಂಗಳೂರಿನ ಸ್ನೇಹ ಸಧನ ಕಾಮಿಲ್ಲಸ್ ಹೌಸ್‌ರವರ ಆರ್ಥಿಕ ಸಹಾಯದಿಂದ ಒಟ್ಟು ರೂ. 5,50,000/– ಮೊತ್ತದ ಆಹಾರ ಕಿಟ್‌ಗಳನ್ನು ಈವರೆಗೆ ವಿತರಿಸಲಾಗಿದೆ. ಅವರ ಸಂಸ್ಥೆಗೆ ನಾವು ಸದಾ ಆಭಾರಿಯಾಗಿದ್ದೇವೆ. ಈ ವರೆಗೆ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಧರ್ಮಪ್ರಾಂತ್ಯದ ವಿದಿಧ ಸಂಘಟನೆಗಳ ಸಜಕಾರದಿಂದ ಒಟ್ಟು 4306 ಆಹಾರ ಕಿಟ್ಟು, 10240 ಮಾಸ್ಕ್, 1035 ಸ್ಯಾನಿಟೈಸರ್, 240 ಮಂದಿಗೆ ಚಿಕಿತ್ಸಾ ಸಹಾಯ ಮಾಡಲಾಗಿದೆ.

ಕೋವಿಡ್ ವೈರಸ್ ನಿಯಂತ್ರಣದ ನಿಟ್ಟಿನಲ್ಲಿ ಸಾರ್ವಜನಿಕ ಸ್ಥಳದಲ್ಲಿ ಮಾಸ್ಕ್ ಧರಿಸುವುದು ಕಡ್ಡಾಯವಾಗಿರುವುದರಿಂದ ಸಂಸ್ಥೆಯ ವತಿಯಿಂದ ಬಟ್ಟೆಯ ಮಾಸ್ಕ್ ತಯಾರಿಸುವ ಕಾರ್ಯವನ್ನು ಈಗಾಗಲೇ ಕೈಗೆತ್ತಿಕೊಳ್ಳಲಾಗಿದೆ. ಯಾರಿಗಾದರು ಇಂತಹ ಮಾಸ್ಕ್ ಬೇಕಾದಲ್ಲಿ ಸಂಸ್ಥೆಗೆ ತಿಳಿಸುವುದು ಹಾಗೂ ಬೇಡಿಕೆಗೆ ಅನುಗುಣವಾಗಿ ಅವುಗಳನ್ನು ಪೂರೈಸಲಾಗುವುದು.

**Fr. Varkey Malikayil**
Director, DKRDS

# KSMCA Belthangady
# Covid-19 Task Force Committee

Dear Respected Rev. Fathers,

Today on 25/07/2020 KSMCA meeting held at Jananilya Belthangady at 11 a.m. have taken the following discisions:

The agenda of this meeting is to create a Task force Committee in this Covid -19 period to help our people especially in the time of funeral of infected people and Rev. Respected Fathers may form a Task force in every primary unit and if not possible form a Forane Team for this emergency period before 31st of July 2020 and send the Task force members name to me at the earliest.

Task Force committee meeting findings are as follows:

1. Fr. Kuriakose vettuvazhy has to contact each unit Parish Priest to discuss about funeral of infected people as per Govt. guidelines.
2. Mr. Jose.K.J.(8970194288) Diocesan Coordinator may contact each DT President to discuss about the funeral if infected people as per Government guidelines.

3) Mr. Pramod Naduvathett (9108588173) D.K. DT coordinator.

4) Mr. P.L. Jose (9900254251) - Udupi DT coordinator.

5) Mr. Mathew Anjilithoppil (9886290044) -Kodagu DT coordinator.

6) Mr. Sebastian K.K.(9632883784) has to contact the civil Authorities for permission.

7) At least 3 task force team - with members of 10 people each should form 31/7/2020.

Requesting your valuable cooperation.

**Fr. Kuriakose vettuvazhy**
Director KSMCA, Belthangady.
9945988946

85. സിനഡ് ഏറ്റവു മധികം പ്രാധാന്യമുള്ള മൂന്നു തലങ്ങളെക്കുറിച്ച് സവിശേഷമാംവിധം പര്യാലോചിച്ചു. ഇവിടെ അതിന്റെ നിഗമനങ്ങളെ ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം, കൂടുതൽവിശകലനവും, പ്രത്യുത്തരിക്കുന്നതിന് കൂടുതൽ ഉചിതവും, ഫലപ്രദവുമായ കഴിവിന്റെ വികസനവും അവ ആവശ്യപ്പെടുന്നു എന്ന് അംഗീകരിക്കുകയും ചെയ്യുന്നു.

## സാങ്കേതികതയുടെ സാമൂഹ്യാന്തരിക്ഷം

86. സമകാലീന ലോകത്തിന്റെ സവിശേഷതയാണ് ഡിജിറ്റൽ അന്തരീക്ഷമെന്നത്. മാനവകുലത്തിന്റെ വിശാലമായ വരമ്പുകൾ അതിൽ ആഴ്ന്നിരിക്കുകയാണ്. അത് സാധാരണമായും, തുടർച്ചയായ രീതിയിൽ സമ്പർക്ക ഉപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള ചോദ്യം മാത്രമല്ല, പ്രത്യുത സ്ഥലകാലങ്ങളെക്കുറിച്ചുള്ള ആശയങ്ങളുടെമേലുള്ള ആഴമായ സ്വാധീനത്തിനും, നമ്മുടെ സ്വയ അവബോധത്തെയും, മറ്റുള്ളവരെയും ലോകത്തെയും ക്കുറിച്ചുള്ള ഗ്രഹക്കലിനും മറ്റുള്ളവരുമായി സമ്പർക്കത്തിലേർപ്പെടാനും, അവരെ പഠിപ്പിക്കാനും, വിശദാംശങ്ങൾ അറിയാനും, അവരുമായി ബന്ധപ്പടാനുമുള്ള കഴിവിനും, ഊന്നൽകൊടുക്കുന്ന ഉയർന്ന ഡിജിറ്റലൈസ്ഡ് സംസ്കാരത്തിൽ ജീവിക്കുക എന്നതാണ്. സ്രവിക്കുന്നതിനെയും വായിക്കുന്നതിനെയുംകാൾ പ്രതിബിംബങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന യാഥാർത്ഥ്യത്തോടുള്ള സമീപനം, ജനങ്ങൾ പഠിപ്പിക്കുന്ന രീതിയിലും, അവരുടെ വിമർശനഭാവത്തെ വികസിപ്പിക്കുന്നതിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്.

87. വെബും, സാമൂഹിക നെറ്റുവർക്കുകളും സമ്പർക്കത്തിലേർപ്പെടാനും, കൂട്ടിയിണക്കാനും ഒരു പുത്തൻ മാർഗം സൃഷ്ടിച്ചിട്ടുണ്ട്. യുവജനങ്ങൾ അവരുടെ സമയം അധികമായി ചെലവഴിക്കുന്നതും പരസ്പരം കണ്ടുമുട്ടുന്നതുമായ പൊതു സ്ഥലമാണ്. ഒരു പക്ഷേ എല്ലാവർക്കും തുല്യപ്രവേശനം അതിലേക്കില്ലെങ്കിലും പ്രത്യേകിച്ച് ലോകത്തിന്റെ ചില പ്രദേശങ്ങളിൽ, സംവാദത്തിനും, കണ്ടുമുട്ടലിനും, വ്യക്തികളുടെയിടയിലെ കൈമാറ്റത്തിനും, വിവരങ്ങൾക്കും അറിവിനും ഉള്ള ലഭ്യതയ്ക്കും, അസാധാരണമായ അവസരം അവ നൽകുന്നു. ഇതുകൂടാതെ, സാമൂഹികവും രാഷ്ട്രീയവുമായ സമ്പർക്കത്തിന്റെയും

സജീവ പൗരത്വത്തിന്റെയും വേദിയാണ് ഡിജിറ്റൽ ലോകം. സ്വതന്ത്ര മായ വിവരങ്ങൾ പങ്കുവയ്ക്കുന്നതും, ഏറ്റവും ദുർബലരായവർക്ക് ഫലപ്രദമായ സംരക്ഷണം നൽകുന്നതും അവരുടെ അവകാശ ങ്ങൾ സംരക്ഷിക്കുന്നതും ഇത് സുഗമമാക്കുന്നു. പല രാജ്യങ്ങളിലും ഇന്റർനെറ്റും, സാമൂഹിക നെറ്റുവർക്കുകകളും ഇതിനോടകം തന്നെ യുവജനങ്ങളെ സമീപിക്കുന്നതിനും അവർക്ക് പങ്കാളിത്തം നൽകുന്ന തിനും നന്നായി ഉറച്ചവിധം ഏർപ്പെടുത്തിയിരിക്കുന്ന ഒരു വേദിയാ ണ്, അജപാലന പരിപാടികൾക്കും പ്രവർത്തനങ്ങൾക്കും ഒട്ടും കുറ വല്ല ഇവയുടെ ഉപയോഗം.

88. ഈ പ്രതിഭാസത്തെ മുഴുവനായും മനസ്സിലാക്കണമെങ്കിൽ, മന ുഷ്യന്റെ ഓരോ യാഥാർത്ഥ്യത്തെയുംപോലെ തന്നെ അതിനും പരി മിതികളും കുറവുകളുമുണ്ടെന്ന് നമ്മൾ അംഗീകരിക്കണം. പരസ്പര സമ്പർക്കത്തെയും വെറും കാൽപ്പനിക കണ്ടുമുട്ടലിനെയും കൂട്ടിക്കുഴ യ്ക്കുന്നത് ആരോഗ്യകരമല്ല. വാസ്തവത്തിൽ, ഡിജിറ്റൽ സാഹചര്യം ഏകാന്തതയുടെയും കൃത്രിമത്തിന്റെയും ചൂഷണത്തിന്റെയും അക്ര മത്തിന്റെയും കടന്ന കൈയെന്നവിധം ഇരുണ്ട വെബിന്റെയും ഇടമാ ണ്. ഡിജിറ്റൽ മീഡിയ ആളുകളെ, ആസക്തിയിലേക്കും, ഒറ്റപ്പെടലി ലേക്കും മൂർത്തമായ യാഥാർത്ഥ്യവുമായുള്ള ഇടപെടലിൽ നിന്നുള വാകുന്ന സാവകാശത്തിലുള്ള നഷ്ടത്തിലേക്കും ,ശരിയായ പരസ്പര വൈയക്തിക ബന്ധങ്ങളുടെ വികാസത്തിനുള്ള തടസ്സങ്ങളിലേക്കും ,വ്യക്തികളുടെ കണ്ണു തുറപ്പിക്കാം.പുത്തൻ രൂപങ്ങളിലുള്ള അക്രമങ്ങൾ സാമൂഹിക മീഡിയയിൽ കൂടി പടർന്നുകൊണ്ടിരിക്കുന്നു. ഉദാഹരണ ത്തിന് അശ്ലീല സാഹിത്യത്തിന്റെ പ്രചരണത്തിനും ലൈംഗിക ദുരു പയോഗത്തിനും ചൂതാട്ടത്തിനും പ്രേരിപ്പിച്ചുകൊണ്ട്, വ്യക്തികളുടെ ചൂഷണം ചെയ്യൽ പരക്കുന്നതിന് ഇന്റർനെറ്റ് ഒരു മാർഗമാണ്.

89. ഡിജിറ്റൽ ലോകത്ത് മനസ്സാക്ഷികളെയും ജനായത്തപ്രക്രിയകളെയും കൃത്രിമ നടപടികളാൽ വളച്ചൊടിക്കുന്ന ക്രമീകരണങ്ങൾ സാധ്യമാ കുംവിധം വളരെ ലോലവും, എന്നാൽ കടന്നു കയറുന്നതുമായ ഘടനാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെൽപ്പുള്ളതുമായ വളരെ വലിയ സാമ്പത്തിക താത്പര്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വസ്തുത വിസ്മ രിക്കാവുന്നതല്ല. പല വേദികളുടെയും പ്രവർത്തനം അവസാനം ചെന്നെത്തുന്നത് സമാനചിന്തയുള്ളവരെ സംവാദത്തിൽ നിന്നും അക റ്റിക്കൊണ്ട്, പരസ്പര മത്സരത്തിലാണ്. ഈ അടഞ്ഞ പ്രവർത്തന

ങ്ങൾ വ്യാജമായ വാർത്തകളും തെറ്റായ വിവരങ്ങളും പ്രചരിക്കുന്നതിനും,മുൻവിധിയും വെറുപ്പും നുരഞ്ഞുപൊങ്ങുന്നതിനും ഇടയാക്കുന്നു. വ്യാജമായ വാർത്തകൾ മെനഞ്ഞുണ്ടാക്കുക എന്നത്,സത്യാവബോധം നഷ്ടപ്പെട്ടതിനാൽ പ്രത്യേക താത്പര്യങ്ങൾക്കായി വസ്തുതകളെ വളച്ചൊടിക്കുന്ന സംസ്കാരത്തിന്റെ ദുഷ്പ്രവണതയാണ്. വ്യക്തികളുടെ സത്പേര് ഓൺലൈനിലൂടെ നടക്കുന്ന വിചാരണ വഴി അപകടത്തിലാക്കുന്ന. ഈ പ്രതിഭാസത്തിൽ നിന്നും സഭയും സഭയുടെ അജപാലകരും ഒഴിവാക്കപ്പെട്ടിട്ടില്ല.

90. സിനഡിന്റെ തലേദിവസം, ലോകത്തിന്റെ വിവിധയിടങ്ങളിൽ നിന്നുള്ള മുന്നൂറ് യുവജനങ്ങൾ തയ്യാറാക്കിയ ഒരു രേഖയിൽ, ചൂണ്ടികാണിച്ചിരിക്കുന്നു. ഓൺ ലൈൻ ബന്ധങ്ങൾ മനുഷ്യത്വരഹിതമായിത്തീരാം. ഡിജിറ്റൽ ഇടങ്ങൾ മറ്റൊരു മനുഷ്യത്വരഹിതമായിത്തീരാം. ഡിജിറ്റൽ ഇടങ്ങൾ മറ്റൊരു മനുഷ്യ ജീവിയുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതിൽ നമ്മളെ അന്ധരാക്കിക്കളയാവുന്നതും, നമ്മുടെ തന്നെ ആത്മവിമർശനത്തെ തടയാനിടയാക്കാവുന്നതുമാണ്. അശ്ലീല സാഹിത്യം പോലുള്ള പ്രശ്നങ്ങൾ മാനവിക ലൈംഗികതയെക്കുറിച്ചുള്ള ഒരു യുവ വ്യക്തിയുടെ വീക്ഷണങ്ങളെ വികലമാക്കുന്നതാണ്. ഈ വിധത്തിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ മനുഷ്യ മഹത്വത്തെ വിസ്മരിക്കുന്നവിധം കബളിപ്പിക്കുന്ന സമാന്തര യാഥാർത്ഥ്യത്തെ സൃഷ്ടിക്കുന്നു. പലയാളുകളെ സംബന്ധിച്ചും, കാൽപനിക ലോകത്തിൽ മുങ്ങിക്കിടക്കുന്നതു വഴി ഒരു തരം ഡിജിറ്റൽ നിർഗമനം വരുത്തിവച്ചിട്ടുണ്ട്. അവർ തങ്ങളുടെ കുടുംബങ്ങളിൽ നിന്നും സാംസ്കാരികവും മതപരവുമായ മൂല്യങ്ങളിൽ നിന്നും പിൻവലിയുകയും ,ഒറ്റപ്പെടലിന്റെയും ,സ്വയം കണ്ടുപിടിക്കലിന്റേയുമായ ഒരു ലോകത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. തത്ഫലമായി അവർ, ഒരു സ്ഥലത്ത് ബാഹ്യമായി സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും, വേരറ്റതായി അവർക്ക് അനുഭവപ്പെടുന്നു. തങ്ങളുടെ വ്യക്തിത്വത്തെ അംഗീകരിക്കാനാഗ്രഹിക്കുന്ന, നല്ല പ്രസരിപ്പും പുഷ്കലവുമായ ജീവിതങ്ങളോടുകൂടിയ യുവജനങ്ങൾ ഇന്ന് നേരിടുന്ന ഒരു പുതിയ വെല്ലുവിളിയുണ്ട്. ഇതുവരെയും കണ്ടെത്തിയിട്ടില്ലാത്ത ഒരു പുതിയ ഭൂഖണ്ഡത്തിൽ കാലുകുത്തിയാലെന്നപോലെ യഥാർത്ഥവും കാൽപനികവുമായ ഒരു ലോകത്തിലേക്ക് ഒറ്റയ്ക്ക് അവർ പ്രവേശിക്കുന്നു. ഇന്നത്തെ യുവജനങ്ങളാണ്, വൈയക്തികവും തങ്ങളുടെ തന്നെ സംസ്കാര സവിശേഷതയാർന്നതും ആഗോള സംബന്ധവുമായവയുടെ ഒരു സങ്കലനം സാധ്യമാക്കാൻ ഒന്നാ

മതായി ബാധ്യസ്ഥരായിരിക്കുന്നത്. അതിനർത്ഥം, അവർ, കാൽപനിക സംസർഗത്തിൽ നിന്നും നല്ല ആരോഗ്യകരമായ സമ്പർക്കത്തിലേക്കു കടക്കാൻ വഴികൾ തേടണം എന്നാണ്.

**പ്രവാസം, നമ്മുടെ കാലത്തിന്റ സാരസംഗ്രഹം**

91. കുടിയേറ്റ യാത്രകളാൽ വലഞ്ഞവരായ ആ യുവജനങ്ങളെല്ലാവരെയും കുറിച്ച് നമുക്ക് എങ്ങനെ ചിന്തിക്കാതിരിക്കാനാകും. കുടിയേറ്റം, ആഗോള തലത്തിൽ പരിഗണിക്കുമ്പോൾ,കടന്നു പോകുന്ന ഒരു അടിയന്തരാവസ്ഥ എന്നതിനെക്കാളുപരി ഘടനാപരമായ ഒരു പ്രതിഭാസമാണത്. ഒരു രാജ്യത്തിനകത്തോ വ്യത്യസ്തരാജ്യങ്ങൾക്കിടയിലോ അതു സംഭവിക്കാം.യുദ്ധങ്ങളിൽനിന്നോ, അക്രമങ്ങളിൽ നിന്നോ, രാഷ്ട്രീയമോ മതപരമോ ആയ പീഡനങ്ങളിൽ നിന്നോ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്നവയുൾപ്പെടെ പ്രകൃതിദുരന്തങ്ങളിൽ നിന്നോ, കൊടും പട്ടിണിയിൽ നിന്നോ പലായനം ചെയ്യുന്നവരിലാണ് സഭയുടെ ശ്രദ്ധ വിശേഷിച്ചും കേന്ദ്രീകരിച്ചിരിക്കുന്നത്. അവരിൽ അനേകർ യുവാക്കളാണ്. പൊതുവിൽ, അവർ തങ്ങൾക്കുവേണ്ടിയും തങ്ങളുടെ കുടംബങ്ങൾക്കുവേണ്ടിയും അവസരങ്ങൾ തേടുക.യാണ്. അവർ കൂടുതൽ നല്ല ഭാവിയെ സ്വപ്നം കാണുകയും, അത് നേടാനുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. കുടിയേറ്റക്കാർ നമ്മുടെ വിശ്വാസത്തിന്റെ മൗലികമായ ഒരുവശം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അതായത് നമ്മൾ ഭൂമിയിൽ പരദേശികളും വിപ്രവാസികളുമാണ് എന്ന്.

92. മറ്റ് കുടിയേറ്റക്കാർ പാശ്ചാത്യ സംസ്കാരത്താൽ ആകൃഷ്ടരായി. ചിലപ്പോൾ,തങ്ങളെ ഗൗരവതരമായ ഇച്ഛാഭംഗത്തിലേക്ക് നയിക്കുന്ന യാഥാർത്ഥ്യ രഹിതമായ പ്രതീക്ഷകളാൽ നയിക്കപ്പെട്ടവരാണ്.മനസ്സാക്ഷിയില്ലാത്ത കടത്തുകാർ പലപ്പോഴും മയക്കുമരുന്നും ആയുധങ്ങളും കടത്തുന്നതിനോടു ബന്ധപ്പെട്ടവർ, കുടിയേറ്റക്കാരുടെ ബലഹീനത ചൂഷണം ചെയ്യുന്നു. വഴിയിൽ വച്ച് അവർ പലപ്പോഴും ക്രൂരതയ്ക്കും, കള്ളക്കളിക്കും,മാനസികവും ശാരീരികവുമായ ദുരുപയോഗത്തിനും കേട്ടിട്ടില്ലാത്ത തരം സഹനങ്ങൾക്കും വിധേയരാകുന്നു.

**Continued......**

**Bishop Stephen Chirappanath**

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

Via Torino 94, 00184 ROMA, ITALIA

---

## ബസിലിക്ക സാന്താ അനസ്താസ്യാ സീറോമലബാർ സഭയ്ക്ക്

മിശിഹായിൽ പ്രിയ സഹോദരങ്ങളെ,

അനല്പമായ സന്തോഷത്തോടെയാണ് ഈ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നത്. സീറോമലബാർ സഭയ്ക്ക് റോമിൽ സ്വന്തമായി ഒരു ദേവാലയം എന്ന പ്രാർത്ഥന സഫലമായിരിക്കുന്നു. 2019 ഒക്ടോബർ മാസം സീറോമലബാർ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ ആദ്ലിമിന സന്ദർശനത്തിന്റെ വേളയിൽ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പയോട് റോമിലെ സീറോമലബാർ സഭാസമൂഹത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് സംസാരിക്കാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. നമ്മുടെ സഭയുടെ ആവശ്യത്തെ പരിശുദ്ധ പിതാവ് അംഗീകരിച്ചതിന്റെ ഫലമായിട്ടാണ് റോമാ രൂപതയുടെ വികാരി ജനറാൾ കർദ്ദിനാൾ ആഞ്ചലോ ദെ ദൊണാത്തിസ് നമുക്ക് ദേവാലയം അനുവദിച്ചുകൊണ്ട് ഡിക്രി പുറപ്പെടുവിച്ചത്. 2011 മുതൽ റോമിലെ സഭാസമൂഹത്തിന്റെ പ്രവർത്തനവേദിയായ ബസിലിക്കാ അനസ്താസ്യാ ആണ് നമുക്ക് ലഭിച്ചിരിക്കുന്നത് എന്നത് ഈ സന്തോഷത്തെ ഇരട്ടിപ്പിക്കുന്നു. കോവിഡ് കാലത്തിന്റെ പരിമിതികൾ ഉണ്ടെങ്കിലും സാധിക്കുന്ന ഏറ്റവും അടുത്ത അവസരത്തിൽ നമുക്ക് ബസിലിക്കാ അനസ്താസ്യായിൽ ഒരുമിച്ചുചേർന്ന് കൃതജ്ഞതാബലി അർപ്പിക്കാം. നമ്മുടെ സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെയും മറ്റ് പിതാക്കന്മാരെയും നന്ദിയോടെ ഓർക്കുന്നു. റോമിലെ സീറോമലബാർ സമൂഹം ഒരുമനസ്സോടെ നീങ്ങിയതിന്റെ ഫലമാണ് ഈ അനുഗ്രഹം.

കർത്താവ് നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

SYRO-MALABAR AP. VISITATOR EUROPE

നിങ്ങളുടെ വത്സലപിതാവ്,

+ Chirapanath

മാർ സ്റ്റീഫൻ ചിറപ്പണത്ത്

യൂറോപ്പിലെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റേറ്റർ

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജൂലൈ - 2020

1. രാവിലെ 9.30ന് രൂപതാ ഉപദേഷ്ടക സമിതി യോഗത്തിൽ (Consultors' Meeting) അദ്ധ്യക്ഷത വഹിച്ചു. രാവിലെ 11.30ന് കെ. ഇ. റ്റി. മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

2. രാവിലെ ഡി. കെ. ആർ. ഡി. എസ്. ന്റെ ഭരണസമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം രൂപതാകേന്ദ്രത്തിൽ വച്ച് നടന്ന തോമസ് നാമധാരികളായവരുടെ തിരുനാളാഘോഷത്തിൽ പങ്കെടുത്തു.

3. രാവിലെ : ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

5. ജ്ഞാനനിലയത്തിൽവച്ച് രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരുമൊത്ത് മാസധ്യാനം നടത്തി.

6. രാവിലെ 10 മണിക്ക് ഉദന ഫൊറോനയിൽ വച്ചു നടന്ന ഉദന, കുട്ട്രുപ്പാടി ഫൊറോനകളിലെ ബഹു. വൈദീകരുടെ സംയുക്ത ഫൊറോന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

7. ഉദന തിരുഹൃദയ സന്യാസ ഭവനത്തിൽ, സക്രാരി നഷ്ടപ്പെട്ടുപോയ സാഹചര്യത്തിൽ, കപ്പേള വെഞ്ചരിക്കുകയും, വി. കുർബാനയർപ്പിക്കുകയും, ആരാധനയിൽ പങ്കെടുക്കുകയും ചെയ്തു.

9. രാവിലെ 10 മണിക്ക് രൂപതാകേന്ദ്രത്തിൽ വച്ച് നടന്ന ബെൽത്തങ്ങടി, മംഗലാപുരം ഫൊറോനകളിലെ ബഹു. വൈദീകരുടെ സംയുക്ത ഫൊറോന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

11. കത്തീഡ്രൽ പള്ളിയിൽ നടന്ന കെ.എസ്.എം.സി.എ. രൂപതാ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

13. രാവിലെ 10 മണിക്ക് തോട്ടത്താടിയിൽ വച്ച് നടന്ന തോട്ടത്താടി, ധർമ്മസ്ഥല ഫൊറോനകളിലെ ബഹു. വൈദീകരുടെ സംയുക്ത ഫൊറോന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

14. രാവിലെ തോട്ടത്താടി സന്യാസ ഭവനത്തിൽ വി. കുർബാനയർപ്പിച്ചു.

15. പുത്തൂർ മൈനർ സെമിനാരിയിൽ വച്ച് രൂപതാ വൈദിക വിദ്യാർത്ഥികൾക്ക് ചെറുപട്ടങ്ങൾ നൽകുന്ന ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു സന്ദേശം നല്കി. അതോടൊപ്പം രൂപത യിലെ എല്ലാം മേജർ സെമിനാരിക്കാരുമായി കൂടികാഴ്ച്ച നടത്തു കയും ചെയ്തു.

17. രാവിലെ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന മേജർ സെമി നാരി കൗൺസിൽ അംഗങ്ങളുടെ യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

19. കെ.ആർ.എസ്.റ്റി. യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

24. നമ്മുടെ രൂപതയിൽ കോവിഡ്-19 വിടുതലിനുവേണ്ടി നടന്ന പ്രത്യേക ഉപവാസ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുത്തു.

24. കെ.ആർ.എസ്.റ്റി.പ്രാർത്ഥനാ യജ്ഞത്തിൽ സംപ്രേക്ഷണം ചെയ്യു വാനായി, ബെൾത്തംഗഡി ഹോളി റെഡീമർ ദോവാലയത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

26. കെ.ആർ.എസ്.റ്റി. യോഗത്തിൽ വീഡിയോ കോൺഫറൻസ് വഴി പങ്കെടുത്തു.

28. രാവിലെ 7 മണിക്ക് കത്തീഡ്രൽ ഇടവക ദേവാലയത്തിൽ വി. അൽഫോൻസയുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

28. നമ്മുടെ രൂപതയിൽ കോവിഡ്-19 വിടുതലിനുവേണ്ടി നടന്ന പ്രത്യേക പ്രാർത്ഥനാ യജ്ഞത്തിന്റെ സമാപനത്തോടനുബന്ധിച്ച് കത്തീഡ്രൽ ദേവാലയത്തിൽ വി. കുർബാനയുടെ ആരാധനയ്ക്ക് നേതൃത്വം നൽകി.

29. രാവിലെ 7 മണിക്ക് എഫ്. സി. സി. റാണിമരിയ റീജനൽ ഭവനത്തിൽ വി. അൽഫോൻസായുടെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

31. ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട Inter-Commision meetingൽ പങ്കെടുത്തു.



# Bishop's Engagements

## August-2020

4. Belthangady : Cathedral Church : Anniversary of the Diocese

5-6. Engaged

7 Belthangady : Jnananilaya

10. Morning : Belthangady : Cathedral Church

Morning : KRST Meeting

15 Morning : Belthangady : Cathedral Church

18-20 Syro- Malabar Bishops' Synod

24 Engaged

# August 15th



ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണത്തിരുനാളിന്റെയും മംഗളങ്ങൾ